മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 06 No. 40 THE ONLINE OFFICIAL NEWS BULLETIN 2023 September 30

SEASON OF CROSS സ്ലീബാകാലം ܥܕܢܐ ܕܨܠܝܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
1 3rd Sunday after the Holy Cross. Comme. of Evangelists St. Adai, St. Abhai the Martyr, Mar Malke ♫3	2 135th Memorial of Karottuveettil Shemavon Mar Dionysius ✠ (Kadungamangalam) ♫7	3 338th Comme. of St. Yeldo Mar Baselios (Kothamangalam Cheriya Palli) ♫3	4 ♫7	5 ♫3	6 ♫7	7 Comme. of Martyrs St. Sargis & St. Bakos ♫3




കോട്ടയത്ത് നടക്കുന്ന 15-ാമത് ക്രിസ്ത്യൻ കോൺഫ്രൻസ് ഓഫ് ഏഷ്യാ അസംബ്ലിയിൽ പ. കാതോലിക്കാ ബാവാ അനുഗ്രഹപ്രഭാഷണം നടത്തുന്നു.



Christian Conference of Asia 15th General Assembly at Kottayam. Inauguration Session.

കുറിയാക്കോസ് മാർ ക്ലിമിസ് ഇനി 'വലിയ മെത്രാപ്പോലീത്താ'



ദേവലോകം: മലങ്കര ഓർത്തഡോക്സ് സഭയുടെ സീനിയർ മെത്രാപ്പോലീത്തായും തുമ്പമൺ ഭദ്രാസന ഇടയനുമായിരുന്ന കുര്യാക്കോസ് മാർ ക്ലിമിസ് മെത്രാപ്പോലീത്തായ്ക്ക് 'വലിയ മെത്രാപ്പോലീത്താ' സ്ഥാനം നൽകുവാൻ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു. അദ്ദേഹം ഇനി മുതൽ 'കുര്യാക്കോസ് മാർ ക്ലിമിസ് വലിയ മെത്രാപ്പോലീത്താ' എന്ന പേരിൽ അറിയപ്പെടും.

ഡോ. എബ്രഹാം മാർ സെറാഫിം തുമ്പമൺ ഭദ്രാസന മെത്രാപ്പോലിത്താ



കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്തയായി ഡോ എബ്രഹാം മാർ സെറാഫിം മെത്രാപ്പോലിത്താ ചുമതല ഏൽക്കും. സെപ്റ്റംബർ 26-നു പഴയസെമിനാരിയിൽ കൂടിയ മാനേജിംഗ് കമ്മറ്റി ശുപാർശ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിക്കുകയായിരുന്നു. സീനിയർ മെത്രാപ്പോലിത്താ ആയിരുന്ന കുറിയാക്കോസ് മാർ ക്ലിമിസ് തിരുമേനി സ്ഥാനത്യാഗം ചെയ്തതിനെ തുടർന്നാണ് ഒഴിവു വന്നത്. മാനേജിംഗ് കമ്മറ്റി യോഗത്തിനു പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു. ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ ധ്യാനം നയിച്ചു. റഷ്യൻ ഓർത്തഡോക്സ് സഭയും കത്തോലിക്കാ സഭയും മലങ്കര സഭക്ക് നൽകിയ സ്വീകരണത്തിന് പരിശുദ്ധ ബാവാ നന്ദി രേഖപ്പെടുത്തി. സഖറിയാസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്തായുടെ ദേഹവിയോഗത്തിൽ അനുശോചിച്ചു പ്രാർത്ഥന നടത്തി. മാത്യൂസ് പുളിമൂട്ടിൽ കോറെപ്പിസ്കോപ്പാ, ഫാ. വി. എം മത്തായി വിളനിലം, ഫാ. റ്റി. സി. ജോൺ, ഫാ. ജോസഫ് മങ്കിടി, മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, ഡോ. ഫിലിപ്പ് ജോർജ്, ജോർജ് ഗീവർഗീസ് എന്നിവരുടെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി.

NCCI പ്രസിഡണ്ടായി തിരഞ്ഞെടുത്ത ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത നോർത്ത് വെസ്റ്റ് ഇന്ത്യ റീജണൽ കൗൺസിൽ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ് മെത്രാപ്പോലീത്താ, കേരള നിയമ സഭാംഗമായി തെരഞ്ഞെടുക്കപ്പെട്ട ചാണ്ടി ഉമ്മൻ, അമേരിക്കൻ ഹൂസ്റ്റൺ പട്ടണത്തിന്റെ മേയർ ആയി തെരഞ്ഞെടുക്കപ്പെട്ട കെൻ മാത്യൂസ്, കാനഡ അണ്ടർ 19 വേൾഡ് കപ്പ് അന്താരാഷ്ട്ര ക്രിക്കറ്റ് ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ജോർദാൻ മാത്യു എന്നിവരെ അനുമോദിച്ചു. 2022 -23 വർഷത്തെ വരവ്-ചിലവ് കണക്ക് അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ അവതരിപ്പിച്ചത് യോഗം പാസ്സാക്കി.

ഡോ. ഗീവർഗീസ് മാർ ബർന്നബാസ് നിരീക്ഷകൻ

റോം: 2023 സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 29 വരെ റോമിൽ നടക്കുന്ന റോമൻ കത്തോലിക്കാ സഭയുടെ ആഗോള സുന്നഹദോസിൽ മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ചു സുൽത്താൻബത്തേരി ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ ബർന്നബാസ് നിരീക്ഷകനായി പങ്കെടുക്കും.

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ
സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

No. 219/2023

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,
നമ്മുടെ പള്ളികളിൽ കർമ്മങ്ങൾക്കുള്ള വിഹിതങ്ങൾ നൽകുന്നത് സംബന്ധിച്ചും ഇടവകാംഗത്വവുമായി ബന്ധപ്പെട്ടും നമ്മുടെ മുൻഗാമികളായ പിതാക്കന്മാർ അതത് സമയങ്ങളിൽ കൽപനകൾ പുറപ്പെടുവിച്ചിട്ടുണ്ട് എങ്കിലും ടി വിഷയവുമായി ബന്ധപ്പെട്ട് കൂടുതൽ വ്യക്തത ആവശ്യമാണ് എന്ന് ബോധ്യമായതിനാൽ 2023 ഓഗസ്റ്റ് മാസത്തിൽ സമ്മേളിച്ച പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്യുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തീരുമാനങ്ങൾ ഈ കൽപനയിലൂടെ നാം നിങ്ങളെ അറിയിക്കുന്നു.

1. **കർമ്മങ്ങൾക്കുള്ള വിഹിതങ്ങൾ സംബന്ധിച്ച്:** സഭാ ഭരണഘടന 9-ാം വകുപ്പു പ്രകാരം മാതൃ ഇടവകയുടെ അനുവാദത്തോടുകൂടി മറ്റൊരു ഇടവകയിൽ താത്ക്കാലികാംഗത്വം സ്വീകരിച്ചിട്ടുള്ളവർ മാസവരി, മെത്രാസന ദിന സംഭാവന, കാതോലിക്കാദിന സംഭാവന തുടങ്ങിയ എല്ലാ വിഹിതങ്ങളും, താത്കാലികാംഗത്വമുള്ള ഇടവകയോഗം നിശ്ചയിക്കുന്ന മറ്റു വിഹിതങ്ങളും അവിടെ നൽകേണ്ടതാണ്. എന്നാൽ മാമോദീസാ, വിവാഹം, ശവസംസ്കാരം മുതലായ ഏതെങ്കിലും കർമ്മങ്ങൾ മാതൃ ഇടവകയിൽ നടത്തുവാൻ ആഗ്രഹിച്ചാൽ മാതൃ ഇടവകയിൽ ആ കർമ്മങ്ങൾക്ക് നിലനിൽക്കുന്ന നിരക്കനുസരിച്ച് വിഹിതം (കർമ്മഫീസ്) നൽകേണ്ടതാണ്. എന്നാൽ ഈ വിഹിതത്തിന്റെ മറവിൽ മാതൃ ഇടവകയിൽ മാസവരി തുടങ്ങിയ ഒരു സംഖ്യയും ഈടാക്കുവാൻ പാടുള്ളതല്ല. അത്തരം സന്ദർഭങ്ങളിൽ കർമ്മം നടത്തികൊടുക്കണമെന്ന് വ്യക്തമാക്കുന്ന ഒരു കത്ത് താത്ക്കാലികാംഗത്വമുള്ള ഇടവകയിലെ വികാരി മാതൃ ഇടവക വികാരിക്ക് നൽകേണ്ടതും മാതൃ ഇടവക വികാരി അതു പരിശോധിച്ച് ബോധ്യപ്പെടേണ്ടതുമാണ്. ഇത്തരം സന്ദർഭങ്ങളിൽ താത്ക്കാലികാംഗതമുള്ള ഇടവക കർമ്മങ്ങൾക്കുള്ള വിഹിതം (കർമ്മഫീസ്) ഈടാക്കുവാൻ പാടുള്ളതല്ല. ബന്ധപ്പെട്ട കക്ഷി സ്വമേധയാ സംഭാവന നൽകിയാൽ സ്വീകരിക്കാവുന്നതാണ്. കർമ്മങ്ങൾ താത്ക്കാലികാംഗത്വമുള്ള ഇടവകയിലാണ് നടക്കുന്നതെങ്കിൽ അവിടെ നിലവിലുള്ള നിരക്കനുസരിച്ച് വിഹിതങ്ങൾ നൽകേണ്ടതാണ്.

2. മാതൃ ഇടവകയിൽ അംഗത്വമുള്ള ഏതൊരു വ്യക്തിയും ഇടവകയിൽ നിന്ന് ദൂരെ മാറി താമസിക്കുമ്പോൾ ആ വിവരം ഇടവക വികാരിയെ രേഖാമൂലം അറിയിച്ചിരിക്കേണ്ടതാണ്.

3. സഭാ ഭരണഘടന വകുപ്പ് 9 പ്രകാരം ഒരു വ്യക്തി, അയാൾ മാസവരി നൽകുന്ന ഇടവകയുടെ ഇടവകയോഗത്തിൽ മാത്രമേ പങ്കെടുക്കുവാൻ പാടുള്ളൂ. ഒരു വ്യക്തി ഒരു ഇടവകയിൽ മാത്രമേ മാസവരി നൽകുവാൻ പാടുള്ളൂ. മറ്റേ ഇടവകയിൽ നൽകുന്ന തുക സംഭാവനയായി മാത്രമേ കണക്കിടുവാൻ പാടുള്ളൂ.

4. മാതൃദേവാലയം വിട്ട് മറ്റു സ്ഥലങ്ങളിലേക്ക് മാറി താമസിക്കുന്ന സഭാംഗങ്ങൾ അവിടെ സഭയുടെ ദേവാലയങ്ങൾ ഉണ്ടെങ്കിൽ താത്ക്കാലികാംഗത്വം സ്വീകരിക്കുകയും മാതൃ ഇടവകയിൽ കർമ്മങ്ങൾ നടത്തുവാൻ വരുന്ന പക്ഷം താത്ക്കാലികാംഗത്വമുള്ള ഇടവക വികാരിയുടെ കത്ത് കൊണ്ടുവരേണ്ടതും, മാതൃ ഇടവക വികാരി ഇത് ഉറപ്പ് വരുത്തേണ്ടതുമാണ്. താമസിക്കുന്ന ദേശത്ത് സഭയുടെ ദേവാലങ്ങൾ ഉണ്ടായിരിക്കുകയും എന്നാൽ അവിടെ ചേർന്ന് നടക്കാതെ മറ്റു സഭാവിഭാഗങ്ങളിൽ ചേർന്ന് നടക്കുകയും പിന്നീട് മാമോദീസാ, വിവാഹം തുടങ്ങിയ കർമ്മങ്ങൾ നടത്തിക്കിട്ടുന്നതിനായി മാതൃ ഇടവകയിൽ വരുകയും ചെയ്താൽ ഇടവക മെത്രാപ്പോ

(മറുപുറം)

ലീത്തായുടെ അനുമതിയോടുകൂടി മാത്രം കർമ്മങ്ങൾ നിർവ്വഹിക്കേണ്ടതാണ്. അങ്ങനെയുള്ളവരിൽനിന്ന് മാസവരി ഉൾപ്പെടെയുള്ള വിഹിതങ്ങളെല്ലാം കുടിശ്ശികയായി കരുതി മാതൃ ഇടവക ഈടാക്കേണ്ടതാണ്.

5. താത്ക്കാലികാംഗത്വം സ്വീകരിച്ച് മാതൃ ഇടവകയിൽ നിന്ന് മാറി നിന്നവർ തിരികെ മാതൃദേശത്തു സ്ഥിരതാമസത്തിന് വരുന്ന പക്ഷം അവർ സ്വീകരിച്ച താത്ക്കാലികാംഗത്വം രേഖാമൂലം ഉപേക്ഷിക്കേണ്ടതാണ്. താത്കാലിക അംഗത്വമുള്ള പള്ളിയിൽ നിന്ന് വിടുതൽ സർട്ടിഫിക്കേറ്റ് വാങ്ങി മാതൃദേവാലയത്തിൽ ഹാജരാക്കേണ്ടതാണ്.

6. മാതൃ ഇടവകയിൽ നിന്ന് മറ്റൊരു സ്ഥലത്ത് താത്ക്കാലികാംഗത്വം സ്വീകരിക്കുന്നവർ അവിടെ നിന്ന് മൂന്നാമത് ഒരു ദേശത്തു പോകുന്ന പക്ഷം നിലവിലുള്ള താത്ക്കാലികാംഗത്വം രേഖാമൂലം ഉപേക്ഷിക്കുകയും ആ വിവരം മാതൃ ഇടവക വികാരിയെ താത്ക്കാലികാംഗത്വമുള്ള ഇടവകയിലെ വികാരിയുടെ കത്തു മൂലം അറിയിക്കുകയും ചെയ്യേണ്ടതാണ്. പുതുതായി പോകുന്ന സ്ഥലത്തുള്ള ഇടവകയിലേക്ക് മാതൃ ഇടവകയിലെ വികാരിയുടെ കത്താണ് സമർപ്പിക്കേണ്ടത്. അതായത് ഒരു വ്യക്തിക്ക് താത്ക്കാലികാംഗത്വമുള്ള ഇടവകയിലെ വികാരിക്ക് ആ വ്യക്തിയുടെ മാതൃ ഇടവകയിലേക്കല്ലാതെ മറ്റൊരു ഇടവകയിലേക്ക് വിടുതൽ സർട്ടിഫിക്കേറ്റ് നൽകാൻ അവകാശമില്ലാത്തതാകുന്നു.

7. ഒരു വ്യക്തിക്ക് ഒരേസമയത്ത് ഒരു ഇടവകയിൽ മാത്രമേ താത്ക്കാലികാംഗത്വം അനുവദിക്കുകയുള്ളൂ. ഒരു കുടുംബത്തിലെ ഏതെങ്കിലും ഒരംഗത്തിനു താത്ക്കാലികാംഗത്വമുള്ള ഇടവകയിൽ നിന്ന് വിടുതൽ വാങ്ങി മറ്റൊരു ഇടവകയിൽ താത്ക്കാലികാംഗത്വം സ്വീകരിക്കണമെങ്കിൽ ആ വ്യക്തി മാത്രം അവിടെനിന്നു വിടുതൽ വാങ്ങി മാതൃ ഇടവകയിലെ വികാരിക്കു സമർപ്പിക്കേണ്ടതും ആ വികാരിയിൽ നിന്ന് കത്ത് വാങ്ങി അംഗത്വമാഗ്രഹിക്കുന്ന ഇടവക വികാരിക്ക് അപേക്ഷ നൽകി അവിടെ താത്ക്കാലികാംഗത്വം സ്വീകരിക്കാവുന്നതുമാണ്. ആ വ്യക്തിയുടെ കുടുംബാംഗങ്ങൾക്ക് പുതുതായി അയാൾ സ്വീകരിച്ച താത്ക്കാലികാംഗത്വമുള്ള ഇടവകയിൽ അംഗത്വം ഉണ്ടായിരിക്കുകയില്ല.

8. മാതൃ ഇടവകയിലോ, താത്ക്കാലികാംഗത്വമുള്ള ഇടവകയിലോ അല്ലാതെ സൗകര്യാർത്ഥം മൂന്നാമതൊരു ദേവാലയത്തിൽ വച്ച് കർമ്മങ്ങൾ നടത്തുന്നുവെങ്കിൽ ദേശകുറി/കത്ത് നൽകുന്ന ദേവാലയത്തിൽ വിഹിതങ്ങൾ അടയ്ക്കേണ്ടതാണ്. കർമ്മം നടത്തുന്ന ദേവാലയത്തിൽ അവിടെ നിശ്ചയിച്ചിരിക്കുന്ന സംഭാവനകൾ മാത്രം നൽകിയാൽ മതിയാകും.

9. 21 വയസ്സോ അതിൽ കൂടുതലോ ഉള്ളവർ, മാതാപിതാക്കൾ/ഭാര്യാഭർത്താക്കന്മാർ/മക്കൾ എന്നിവർക്കൊപ്പമല്ലെങ്കിൽ സ്വതന്ത്ര അംഗത്വം സ്വീകരിക്കേണ്ടതാണ്. മറ്റ് ബന്ധുക്കളുടെ അംഗത്വത്തോട് ചേർക്കാൻ പാടില്ലാത്തതാകുന്നു.

10. ഒരു വ്യക്തിയോ കുടുംബമോ ഇടവക അംഗത്വത്തിനുവേണ്ടി അപേക്ഷ നൽകുമ്പോൾ അവരിൽ നിന്ന് ഇടവക നിശ്ചയിച്ചിരിക്കുന്ന മാസവരിയും സ്വമേധയാ നൽകുന്ന സംഭാവനയും മാത്രമേ സ്വീകരിക്കുവാൻ പാടുള്ളൂ. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ഇടവക മാനേജിംഗ് കമ്മറ്റിയുടെ ശുപാർശയോടും ഇടവക മെത്രാപ്പോലീത്തായുടെ അനുമതിയോടുംകൂടി ഇടവക വികാരിക്ക് ഇക്കാര്യത്തിൽ തീരുമാനം സ്വീകരിക്കാവുന്നതാണ്.

പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ഈ നിശ്ചയങ്ങൾ അനുസരിച്ച് പ്രവർത്തിക്കുവാൻ വികാരിമാരും വിശ്വാസികളും പ്രത്യേകം ശ്രദ്ധിക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.


സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

2023 ഓഗസ്റ്റ് മാസം 28 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വിശ്വാസ പഠനം



വി. കുർബ്ബാനയും നിഖ്യാ വിശ്വാസപ്രമാണവും

ഡോ. ഗീവർഗീസ് യൂലിയോസ് മെത്രാപ്പോലീത്താ

വി. കുർബ്ബാനയിൽ നിഖ്യാ വിശ്വാസപ്രമാണത്തിന്റെ അർത്ഥവും സാംഗത്യവും എന്ന വിഷയമാണ് ആറാം അദ്ധ്യായത്തിൽ ഫാ. ജോർജ് കോശി ചർച്ച ചെയ്യുന്നത് (30 പേജുകൾ, 70 കുറിപ്പുകൾ). "വിശ്വാസത്തിന്റെ സ്നേഹത്തിലുള്ള ഐക്യം" എന്നാണ് തീക്കടുത്ത വി. ഇഗ്നാത്തിയോസ് വി. കുർബ്ബാനയെ വിശേഷിപ്പിച്ചിരിക്കുന്നത്. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അദ്ദേഹം ഇത് എഴുതുമ്പോൾ വിശ്വാസപ്രമാണത്തിന്റെ ഇന്നത്തെ രൂപമോ, ഭാവമോ ആയതിന് കൈവന്നിട്ടില്ല. എന്നാൽ "എന്റെ കർത്താവും എന്റെ ദൈവവുമേ!" എന്ന പ്രഖ്യാപനത്തിൽ നിന്നും ആരംഭിച്ച് വി. അപ്പോസ്തോലന്മാരും അപ്പോസ്തോലിക പിതാക്കന്മാരും വിശ്വാസപ്രമാണത്തിന്റെ പ്രാഗ്‌രൂപങ്ങൾക്ക് രൂപംകൊടുക്കുകയും ആയത് ആരാധനകളിൽ പൊതുവെയും വി. കുർബ്ബാനയിൽ അന്നഫുറാ ആരംഭിക്കുന്നതിന് മുമ്പും ഭക്തിപൂർവ്വം പ്രതിജ്ഞാവാക്യങ്ങളായി (പ്രമാണമായി) ഒന്നിച്ച് ചൊല്ലുകയോ, ഒരാൾ കൃത്യമായി ചൊല്ലുമ്പോൾ ഏറ്റുചൊല്ലുകയോ ചെയ്തശേഷം 'ഞങ്ങൾ വിശ്വസിക്കുന്നു' എന്ന് പറഞ്ഞ് ആമീൻ പറഞ്ഞ് സ്വീകരിക്കുമായിരുന്നു എന്നതിന് ശക്തമായ തെളിവുകൾ കാണുന്നു.

അന്ധവിശ്വാസങ്ങളോ അബദ്ധജടികമായ വിശ്വാസങ്ങളോ അല്ല; മറിച്ച് വേദാധിഷ്ഠിതമായ സ്തുതിചൊവ്വാക്കപ്പെട്ട വിശ്വാസത്തിൽ കൂടിവന്നുകൊണ്ടാണ് നാം വി. കുർബ്ബാന അർപ്പിക്കുന്നത്. "ഒരു വിശ്വാസവും ഒരു മാമോദീസ്സായും ഉള്ളവരുടെ കൂടിവരവാണ് വി. കുർബ്ബാനയുടെ അന്നഫുറാ ഭാഗം; അത് സത്യവിശ്വാസികളുടെ മാത്രം അവകാശമാണ്. എന്നാൽ ഇത് ആരേയും അകറ്റി നിർത്തുകയല്ല; മറിച്ച് 'വേർപാടുകളുടെ നടുച്ചുവർ ഇടിച്ചുകളഞ്ഞ്' ആത്മാവിലും സത്യത്തിലും സർവ്വജനതയെയും ചേർത്തുനിർത്തൽ ആണ് എന്ന് ഓർക്കണം." 'വിശ്വസിച്ചവരുടെ കൂട്ടം ഏകഹൃദയവും ഏകമനസ്സും ഉള്ളവരായിരുന്നു' (അപ്പോ. പ്ര. 4:32) എന്നതാണ് കൂടിവരവിന്റെ അടിസ്ഥാനതത്വം. വിശ്വാസഐക്യമില്ലാത്തവരോട് ആരാധനയിൽ ഒന്നിക്കുവാൻ നമുക്ക് അവകാശമില്ലാ എന്ന് സാരം.

"ഞങ്ങൾ വിശ്വസിക്കുന്നു" (we believe) എന്ന തലവാചകത്തോടെയാണ് എല്ലാ ഭാഷകളിലും വിശ്വാസപ്രമാണം ആരംഭിക്കുന്നത്. "Homo-Legesomom" എന്ന ഗ്രീക്കു വാക്കുകൾക്ക് ഒരേ മനസ്സുള്ളവർ, ഒരേ കാര്യം പൊതുവായി പ്രഖ്യാപിച്ച് ഏറ്റുപറയുക എന്നൊക്കെ അർത്ഥം ലഭിക്കുന്നു.

Creed (പ്രമാണം), Confession faith (വിശ്വാസപ്രഖ്യാപനം), Symbol of Faith (വിശ്വാസപ്രതീകം), Rule of faith (വിശ്വാസനിയമം), Canon of faith (വിശ്വാസത്തിന്റെ അളവുകോൽ) എന്നിങ്ങനെയുള്ള പര്യായപദങ്ങളിലും നിഖ്യാ വിശ്വാസപ്രമാണം അറിയപ്പെടുന്നുണ്ട്.

പൗരസ്ത്യ സഭകളിൽ 'ഞങ്ങൾ വിശ്വസിക്കുന്നു' എന്ന ബഹുവചനത്തിൽ മാത്രമെ വിശ്വാസപ്രമാണം ചൊല്ലുന്നുള്ളു. ഒരു വ്യക്തി തനിച്ച് യാമപ്രാർത്ഥന നടത്തിയാലും ഏകവചനത്തിൽ 'ഞാൻ വിശ്വസിക്കുന്നു' എന്ന് ചൊല്ലുവാൻ അനുവദിച്ചിട്ടില്ല (ബൈസന്റയൻ സഭകളിൽ ഏകവചനരൂപം കാണുന്നുണ്ട്). സഭയുടെ വിശ്വാസപ്രമാണ പ്രഖ്യാപനത്തിൽ പങ്കെടുക്കുന്നവർ ഏകവ്യക്തിയായിട്ടല്ല; ഞങ്ങൾ എന്ന സഭയെ പ്രതിനിധീകരിച്ചുകൊണ്ടാണ് അഥവാ സഭയിലാണ് ഈ വിശ്വാസ മന്ത്രം ചൊല്ലുന്നത്. 'ദൈവ വചനം' ശ്രവിക്കുകയും 'ദിവ്യജ്ഞാനം' ഏറ്റുചൊല്ലുകയും ചെയ്യുവാനാണ് ശെമ്മാശ്ശൻ വിശ്വാസികളോട് നിർദ്ദേശിക്കുന്നത്. വി. ഏവൻഗേല്യോനിലെ 'ദൈവത്തിന്റെ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം' എന്നും വിശ്വാസപ്രമാണ സമയത്ത് 'ദിവ്യജ്ഞാനം ശ്രവിച്ച് പട്ടക്കാരന്റെ പ്രാർത്ഥന ഏറ്റുചൊല്ലണമെന്നും' കാണുന്നു. ശ്രവണത്താൽ സംഗ്രഹിക്കപ്പെട്ട വചനത്തിൽ നിന്നും ഉളവായ വിശ്വാസ സത്യത്തെ ഏറ്റുപറയുന്നു. വിശ്വാസപ്രമാണം പ്രാർത്ഥനയേക്കാൾ വിശ്വാസ-പ്രതിജ്ഞയാകയാൽ ആരാധനാസമൂഹം നിന്നുകൊണ്ട് ആ പ്രതിജ്ഞ എടുക്കണമെന്നതും പ്രധാനമാണ്.

പ. സഭയുടെ ആദിമ നൂറ്റാണ്ടുകളിൽ വിവിധ സ്ഥലങ്ങളിലും സാഹചര്യങ്ങളിലും അപ്പോസ്തോലിക വിശ്വാസത്തിൽ വളർന്നുവന്ന പ. സഭ ആ കാലങ്ങളിലെല്ലാം അനേകം പീഡനങ്ങളെ അതിജീവിച്ചാണ് പരിശുദ്ധാത്മകൃപയാൽ വളർന്നത് എന്ന് അറിവുള്ളതാണല്ലോ. ആരാധനയ്ക്കായി പരസ്യമായി കൂടിവരുവാൻപോലും അവകാശമില്ലാതിരുന്ന കാലത്ത് ഗുഹകളിലും മറ്റ് രഹസ്യസങ്കേതങ്ങളിലും കൂടിവന്നാണ് ആരാധനയും, പ്രത്യേകിച്ച് വി. കുർബ്ബാനയും അർപ്പിച്ചിരുന്നത്. എന്നാൽ റോമാ സാമ്രാജ്യത്തിൽ ക്രൈസ്തവ സഭയ്ക്കെതിരെയുള്ള പീഡനം അവസാനിക്കുകയും കുസ്തന്തീനോസ് ചക്രവർത്തി ക്രൈസ്തവ സഭയെ റോമിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ സാമ്രാജ്യത്തിന് അകത്തും പുറത്തുമുള്ള സഭകളെ ഒന്നിച്ചുകൂട്ടുവാനും പ. സഭയ്ക്ക് ഒരു സാർവ്വത്രിക ഭാവം കൈവരിക്കുവാനും ഇടയായി. ചക്രവർത്തിയുടെ മേൽനോട്ടത്തിലും അദ്ധ്യക്ഷതയിലും സഭാ-അദ്ധ്യക്ഷന്മാരുടെ ഒരു സാർവ്വത്രിക സമ്മേളനം നിഖ്യായിൽ വച്ച് വിളിച്ചുചേർത്തു. അങ്ങനെ എ.ഡി. 325-ൽ 318 സഭാപിതാക്കന്മാർ ഒന്നിച്ചുകൂടിയ സമ്മേളനത്തിൽ 'സാർവ്വത്രിക സഭ' രൂപംകൊടുത്തതാണ് നിഖ്യാ വിശ്വാസപ്രമാണം. 'സഭയുടെ വിശ്വാസത്തിന്റെ പൊരുളും സത്തയും സ്രോതസ്സും, തിരുവെഴുത്തുകളിൻപ്രകാരം സംരക്ഷിതവും സമഗ്രവുമായി ക്രോഡീകരിച്ചതാണ് നിഖ്യാ വിശ്വാസപ്രമാണം എന്ന് സുന്നഹദോസ് രേഖകൾ സാക്ഷിക്കുന്നതായി ബഹു. അച്ചൻ രേഖപ്പെടുത്തുന്നു.



എ.ഡി. 381-ൽ കുസ്തന്തീനോസ്പോലീസിൽ ചേർന്ന സാർവ്വത്രിക സുന്നഹദോസ് നിഖ്യാ വിശ്വാസപ്രമാണത്തെ കൂടുതൽ വ്യക്തതയിൽ ക്രമീകരിച്ച് സാർവ്വത്രിക വിശ്വാസപ്രമാണമായി ഉപയോഗിക്കുവാൻ തീരുമാനിച്ചു. എ.ഡി. 431-ൽ അന്നത്തെ റോമാ ചക്രവർത്തിയായിരുന്ന തെയോഡോഷ്യസ് രണ്ടാമന്റെ നേതൃത്വത്തിലും അദ്ധ്യക്ഷതയിലും ചേർന്ന, മൂന്നാമത്തെ പൊതുസുന്നഹദോസ് ആയ എഫേസൂസിൽ വച്ച് 'നിഖ്യാ-കുസ്തന്തീനോസ് വിശ്വാസപ്രമാണം' സാർവ്വത്രിക സഭയുടെ വിശ്വാസപ്രമാണമായി അംഗീകരിച്ച് മുദ്രകുത്തപ്പെടുകയും, ആയതിൽ ഇനി മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ വരുവാൻ പാടില്ല എന്ന് തീരുമാനിക്കുകയും ചെയ്തു. അങ്ങനെ മൂന്ന് പൊതുസുന്നഹദോസ്സുകളിലെ (നിഖ്യാ-325, കുസ്തന്തീനോസ്പോലീസ്-381, എഫേസൂസ് -431) 'സത്യവിശ്വാസമാകുന്ന' പാറമേൽ ഉറപ്പിക്കപ്പെട്ട വിശ്വാസത്തിന്റെ പ്രമാ

ണമാണ് 'നിഖ്യാ' വിശ്വാസപ്രമാണം. ആയതിൽ തിരുത്തലുകളോ, കൂട്ടിചേർക്കലുകളോ, ഭാഗികമായി മാത്രം ഉപയോഗിക്കലോ പാടില്ല എന്ന് പിതാക്കന്മാർ കർശനമായി പറയുന്നു.

എന്നാൽ നാം ഇപ്പോൾ ഉപയോഗിക്കുന്ന വിശ്വാസപ്രമാണത്തിൽ അറിഞ്ഞോ അറിയാതെയോ അശ്രദ്ധ മൂലമോ രണ്ടു സ്ഖലിതങ്ങൾ കടന്നു കൂടിയിട്ടുണ്ടെന്ന് ബഹു. അച്ചൻ ചൂണ്ടിക്കാണിക്കുന്നു. രണ്ടും വേദശാസ്ത്രപരമായി ഗുരുതരമായ തെറ്റുകളല്ലെങ്കിലും എഫേസൂസിൽ നിശ്ചയിച്ച പ്രമാണത്തിൽ നിന്നും ഉണ്ടായിട്ടുള്ള ഭ്രംശങ്ങളാണ്.

ആയതിൽ ആദ്യത്തേത്: "സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി, വി. റൂഹായാൽ 'ദൈവമാതാവായ വിശുദ്ധ' കന്യകമറിയാമിൽ നിന്നും ശരീരിയായി തീർന്നു" എന്ന ഭാഗമാണ്. ഈ ഭാഗത്തിന്റെ യഥാർത്ഥ രൂപത്തിൽ 'ദൈവമാതാവായ വിശുദ്ധ' എന്ന ഭാഗം ഇല്ല; മറിച്ച് 'വി. റൂഹായാൽ കന്യകമറിയാമിൽ നിന്നു' എന്ന് മാത്രമേയുള്ളു; വചനിപ്പിനുശേഷമാണ് കന്യകമറിയം ദൈവമാതാവും വിശുദ്ധയുമായി തീരുന്നത്. അതിനാൽ 'വിശുദ്ധ ദൈവമാതാവ്' എന്ന വിശേഷണപദം വേദശാസ്ത്രപരമായി ശരിയാണെങ്കിലും ഈ സന്ദർഭത്തിൽ യോജിക്കുന്നില്ലാ എന്നും കൂടാതെ മൂലരൂപത്തിൽ കാണുന്നില്ലാ എന്നും ബഹു. അച്ചൻ ചൂണ്ടിക്കാണിക്കുന്നു. നാല്, അഞ്ച്, ആറ് നൂറ്റാണ്ടുകളിൽ ക്രിസ്തുവിന്റെ ദൈവത്വം, മനുഷ്യത്വം എന്നിങ്ങനെയുള്ള കാര്യങ്ങളിൽ ഒരുപാട് പഠനങ്ങൾ നടക്കുകയും അവയിൽ പലതും വേദശാസ്ത്രപരമായ വലിയ അബദ്ധങ്ങളിൽ പെട്ടുപോകുകയും പ. സഭ അവയെ തിരസ്കരിക്കുകയും ചെയ്തു എന്ന് അറിയാമല്ലോ. ജ്ഞാനവാദം, മായാവാദം, ഈബിയനിസം തുടങ്ങിയവ സൃഷ്ടിയും അവയിലുള്ളവയും 'തോന്നലും' 'മായ'യുമാകയാൽ ക്രിസ്തുജനനവും അപ്രകാരമാണെന്നും സിദ്ധാന്തിക്കുവാനും ക്രിസ്തുവിന്റെ കന്യകയിൽ നിന്നുള്ള ജനനത്തെ നിഷേധിച്ച് 'ദൈവപുത്രനെ സാധാരണ മനുഷ്യനാക്കുന്ന' വേദവിപരീതങ്ങളിൽ എത്തിച്ചേരുകയും ചെയ്തു.

ദത്തെടുക്കൽ (Adoptionism) വാദക്കാർ ക്രിസ്തു ജനനത്തിൽ മനുഷ്യൻ മാത്രമായിരുന്നുവെന്നും, യോർദ്ദാനിൽ വച്ചുണ്ടായ മാമോദീസായിൽ അവനെ പിതാവാംദൈവം ദത്തെടുത്തുവെന്നും പഠിപ്പിച്ചു. പുത്രൻ, പിതാവാംദൈവത്തോട് സമനല്ല എന്നും പ. ത്രിത്വം എന്ന ആശയംതന്നെ തെറ്റാണെന്നുമൊക്കെയുള്ള ഗുരുതരമായ വേദവിപരീതം Sebellian പഠിപ്പിച്ചു. അറിയൂസ് യേശുക്രിസ്തുവിന്റെ ദൈവത്വത്തെയും പ. ത്രിത്വത്തെയും നിഷേധിച്ചു. അപ്പോളനെറിയസ് ക്രിസ്തുജനനം ചരിത്രത്തിൽ നടന്ന ഒരു സംഭവം ആയതിനാൽ "ക്രിസ്തു ഇല്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നു" എന്ന വേദവിപരീതത്തിലും എത്തിച്ചേർന്നു. ഈ ചർച്ചകളിൽ ഇടപെട്ട നെസ്തോറിയോസ് ആകട്ടെ, കന്യക പ്രസവിച്ചത് ക്രിസ്തുവിനെയാണ്; ദൈവത്തെ അല്ല. അതിനാൽ മറിയമിനെ ക്രിസ്തുവിന്റെ അമ്മ എന്ന് വിളിക്കണമെന്നും ദൈവമാതാവ് എന്ന് വിളിക്കരുതെന്നും പഠിപ്പിക്കുവാൻ തുടങ്ങി. അലക്സാന്ത്രിയായിൽ വേദശാസ്ത്രശാഖ ഇത്തരം ഭ്രംശങ്ങളെ ശക്തിയായി അതതു കാലങ്ങളിൽ പ്രതിരോധിച്ചുകൊണ്ടിരുന്നു. വി. കൂറിലോസ്, അത്താനാസിയോസ് തുടങ്ങിയ പിതാക്കന്മാർ "ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പേ പിതാവിൽ നിന്ന് ജനിച്ചവനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോട് സമത്വമുള്ളവനും തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും" ആയവനാണ് ക്രിസ്തുവിൽ മനുഷ്യനായത് എന്ന കൃത്യമായ നിർവ്വചനം ഉണ്ടാക്കുകയും ആയത് വിശ്വാസപ്രമാണവും സഭയുടെ ഔദ്യോഗിക വിശ്വാസനിലപാടുമായി പഠിപ്പിക്കുകയും ചെയ്തു. നെസ്തോറിയോസിന്റെ ഗുരുതരമായ വേദവിപരീതത്തിനെതിരായി "മറിയം, സംശയംകൂടാതെ ദൈവമാതാവ്" എന്ന് മാർ സേവേറിയോസ് പാത്രിയർക്കീസ് (ആറാം നൂറ്റാണ്ട്) പഠിപ്പിച്ചു.

ചുരുക്കത്തിൽ നാല്, അഞ്ച്, ആറ് നൂറ്റാണ്ടുകളിലുണ്ടായ ഈ വേദവിപരീതങ്ങളുടെ പശ്ചാത്തലത്തിൽ കന്യകമറിയാമിനെ കുറിച്ച് പരാമർശിക്കപ്പെടുമ്പോൾ എല്ലാം 'ദൈവമാതാവായ വിശുദ്ധ' കന്യകമൊർത്ത് മറിയം വിശേഷിപ്പിക്കപ്പെടണമെന്നും, കാരണം മറിയാമിൽ 'വചനം' ജഡം ധരിച്ചു, ഒമ്പതു മാസവും ഉദരത്തിൽ വസിച്ചശേഷം മറിയം ദൈവത്തെ പ്രസവിച്ചു എന്ന വേദപുസ്തകത്തിലെ അടിസ്ഥാനപ്രമാണത്തെ പ. സഭ സാക്ഷിക്കണമെന്നും പിതാക്കന്മാർ പഠിപ്പിച്ചു. രണ്ടാമതു ഒരു സ്ഖലിതം വിശ്വാസപ്രമാണത്തിന്റെ സുറിയാനി മൂലത്തിൽ വന്നിട്ടുള്ളതും തർജ്ജമയിൽ മലങ്കരയിൽ എത്തിയതും ബഹു. അച്ചൻ ചൂണ്ടിക്കാണിക്കുന്നത് താഴെ പറയുന്നപ്രകാരമാണ്:

"മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി 'തിരുമനസ്സായ പ്രകാരം' സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി" എന്നാണല്ലോ നാം ഉപയോഗിച്ചു വരുന്നത്. എന്നാൽ മൂലരൂപത്തിൽ (original text) 'എഴുതപ്പെട്ടപ്രകാരം' അഥവാ 'തിരുവചനപ്രകാരം' (according to the Scripture) എന്നാണ്. അർത്ഥത്തിലും ആശയത്തിലും 'തിരുവിഷ്ടവും', 'തിരുവെഴുത്തും' ഒന്നുതന്നെയാണെങ്കിലും പഴയനിയമത്തിലെ പ്രവചനങ്ങളുടെ പൂർത്തീകരണം എന്ന ആശയം വ്യക്തമാകുന്നത് എഴുതപ്പെട്ടപ്രകാരം എന്ന് ചൊല്ലുമ്പോഴാണല്ലോ. പഴയനിയമ-പുതിയനിയമ ബന്ധവും, 'മനുഷ്യാവതാരം' എന്ന യാഥാർത്ഥ്യം മുൻപറയപ്പെട്ടിട്ടുള്ളത്, മറിച്ച് പെട്ടെന്നുണ്ടായ ഒരു 'തിരുവിഷ്ട'മല്ല, കാലതികവിൽ സംഭവിച്ച പ്രവചന പൂർത്തീകരണമാണ് എന്നൊക്കെയുള്ള വലിയ അർത്ഥം 'തിരുവെഴുത്തുകളിൻപ്രകാരം' എന്ന പദപ്രയോഗത്തിന് ഉണ്ട് എന്ന് ബഹു. അച്ചൻ ചൂണ്ടിക്കാണിക്കുന്നു.

കത്തോലിക്കാ സഭയും ഇതര ഓർത്തഡോക്സ് സഭകളും വിശ്വാസപ്രമാണം ആരാധനയിലുപയോഗിക്കുന്ന മറ്റ് ക്രൈസ്തവ വിഭാഗങ്ങളും 'തിരുവെഴുത്തുകളിൻപ്രകാരം' (According to the Scriptures) എന്ന് മാത്രം ഉപയോഗിക്കുമ്പോൾ സുറിയാനി സഭയിൽ മാത്രം എങ്ങനെ 'തിരുവിഷ്ട'മായി എന്ന ചോദ്യത്തിന് കാരണം കണ്ടെത്തേണ്ടതുണ്ട്.

ആദ്യകാല കൈയെഴുത്തുപ്രതികളിൽ ഉണ്ടായ ഒരു അക്ഷര വ്യത്യാസത്തിൽ നിന്നുമായിരിക്കാം സ്ഖലിതം ഉണ്ടായത് എന്ന അച്ചന്റെ അഭിപ്രായത്തോട് യോജിക്കുന്നു. ആയത് ഇപ്രകാരമാണ്.

സുറിയാനി ഭാഷയിൽ 'തിരുവിഷ്ടം' എന്നതിന് 'അക്ദസ്ബോ' എന്നും 'തിരുവെഴുത്ത്' എന്നതിന് 'അക്ദക്സീബ്' എന്നുമാണ്. മൂലരൂപത്തിൽ, പ്രത്യേകിച്ചും സുറിയാനിയിൽ എഴുതുമ്പോൾ, ഏറെ അടുത്തു നിൽക്കുന്നതും ചെറിയ അശ്രദ്ധ മൂലം തെറ്റുവാൻ സാദ്ധ്യതയുള്ളതുമായ പദങ്ങളാണ് ഇവ. അതുകൊണ്ടുതന്നെ 'അക്ദക്സീബ്' (തിരുവെഴുത്തുകളിൻപ്രകാരം) എന്നതിന് 'അക്ദസ്ബോ' (തിരുവിഷ്ടപ്രകാരം) എന്ന തെറ്റ് സംഭവിച്ചതായിരിക്കാം!

ഏതായാലും മേല്പറഞ്ഞ രണ്ട് സ്ഖലിതങ്ങളും വിശ്വാസപ്രമാണത്തിലേത് ആകയാൽ 'മൂന്നു പൊതുസുന്നഹദോസുകളിലെ സത്യവിശ്വാസത്തെ മുറുകെ പിടിക്കുന്ന സഭ' പ. സുന്നഹദോസിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ച് തെറ്റു തിരുത്തി 'വി. റൂഹായാൽ കന്യകമറിയാമിൽ നിന്നും' എന്നും 'തിരുവെഴുത്തുകളിൻപ്രകാരം' എന്നും മാറ്റി ഉപയോഗിക്കണമെന്ന ബഹു. അച്ചന്റെ നിർദ്ദേശത്തോട് ഞാനും പൂർണ്ണമായും യോജിക്കുന്നു. "തിരുവെഴുത്തുകളിൻപ്രകാരം സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി, വി. റൂഹായാൽ കന്യകമറിയാമിൽ നിന്നും' എന്ന് നാം ചൊല്ലി ശീലിക്കണം!

വി. മാമോദീസാ സ്വീകരിക്കുകയും വി. മൂറോനാൽ അഭിഷിക്തരാവുകയും ചെയ്തിട്ടുള്ളവരുടെ അവകാശവും ഉത്തരവാദിത്വവുമാണ് 'വിശ്വാസപ്രമാണം' ഉറക്കെ ചൊല്ലി പ്രഖ്യാപിക്കുകയെന്നത്. എന്നാൽ വി. മാമോദീസാ സ്വീകരിച്ചിട്ടില്ലാത്തവർക്ക് ആയത് പഠനാവശ്യത്തിനായി ഉപയോഗിക്കാമെന്നല്ലാതെ 'പ്രമാണ'മായി ചൊല്ലുവാൻ അവകാശം ഇല്ല എന്നും നാം ഓർക്കണം. ഇക്കാരണത്താലാണ് വി. കുർബ്ബാനയിൽ വചനശുശ്രൂഷ കഴിഞ്ഞാൽ ആദ്യം വി. മാമോദീസാ സ്വീകരിച്ചിട്ടില്ലാത്തവരെ പിരിച്ചുവിട്ടശേഷം വാതിലുകൾ അടച്ചശേഷം മാത്രം അന്നഫുറാ ആരംഭിക്കുന്നത് എന്ന് നേരത്തെ സൂചിപ്പിച്ചിട്ടുള്ളതും ഓർക്കണം. വൈകി വരുന്നവർക്കും വി. കുർബ്ബാന അനുഭവിക്കുവാൻ ഒരുങ്ങിയിട്ടില്ലാത്തവർക്കും അന്നഫുറായിൽ പങ്കെടുക്കുവാൻ അവകാശമില്ല എന്ന് പിതാക്കന്മാർ പ്രത്യേകം പഠിപ്പിക്കുന്നുണ്ട്. ഒരുക്കമില്ലാത്തവർക്കും വഴിപോക്കർക്കും 'കാണുവാനും' മെഗാഫോണിലൂടെ ചന്തസ്ഥലങ്ങളിൽപ്പോലും കേൾപ്പിക്കുവാനുമുള്ളതല്ല വി. കുർബ്ബാന; മറിച്ച് വാതിലുകൾ അടച്ചശേഷം 'എനിക്കും എൻ വീട്ടുകാർക്കും' ഒരുക്കപ്പെടുന്ന മഹാരഹസ്യമാണ് എന്ന് തിരിച്ചറിവ് നമ്മിൽ ഉണ്ടാകണം.

വിശ്വാസപ്രമാണത്തിന്റെ പ്രാഗ്രൂപങ്ങളും മറ്റ് സംസ്ക്കാരങ്ങളിലെ വിശ്വാസപ്രമാണങ്ങളും, പ്രത്യേകിച്ച് 'ശേമാ ഇസ്രായേൽ' (ഇസ്രായേലേ കേൾക്കാ! ആവർത്തനപുസ്തകം ആറാം അദ്ധ്യായം) എന്ന യെഹൂദാ വിശ്വാസപ്രമാണവും അവയുടെ പ്രാധാന്യവും മറ്റും ബഹു. അച്ചൻ വിശദമായി ഈ അദ്ധ്യായത്തിൽ വിശകലനം ചെയ്യുന്നുണ്ട്.

'ശേമാ' (കേൾക്ക) എന്ന വിശ്വാസപ്രമാണ വായനയിലൂടെയാണ് യഹൂദർ എക്കാലത്തും സുനഗോഗ് ആരാധന ആരംഭിക്കുന്നത്. ശേമായുടെ ചുരുൾ നെറ്റിയിൽ കെട്ടിവയ്ക്കുകയോ ഒരു തോൾസഞ്ചിയിലിട്ട് ഹൃദയത്തോട് ചേർത്ത് ബന്ധിക്കുകയോ (ആവ. 6:6–8) ചെയ്യാതെ അവന് പ്രാർത്ഥിക്കുവാൻ അവകാശമില്ല. യഹൂദാ ഭവനങ്ങളുടെയും യഹൂദർ നടത്തുന്ന സ്ഥാപനങ്ങളുടെയും (ഹോട്ടലുകളിൽപ്പോലും) കട്ടിളപടികളിൽ 'ശേമാ ചുരുൾ' ഒരു പെട്ടിയിലാക്കി തറച്ചുവയ്ക്കുകയും (ആവ. 6:9) അവയിൽ നെറ്റി മുട്ടിച്ച് വണങ്ങാതെ അകത്തു പ്രവേശിക്കുവാൻ അവന് അവകാശമില്ലാ എന്നതും പ്രസ്താവ്യമാണ്. ചുരുക്കത്തിൽ യഹൂദമത വിശ്വാസത്തിന്റെ സാർവ്വത്രിക പ്രതീകമായി 'ശേമാ'യെ അവർ കാണുന്നു.

വിശ്വാസപ്രമാണത്തിലെ എല്ലാ പദങ്ങളും വാക്യങ്ങളും വാചകങ്ങളും തിരുവെഴുത്തുകളിൽ നിന്നുള്ളതും അവ പിതാക്കന്മാരുടെ ചിന്തകളിൽ നിന്നും തൂലികയിലൂടെയും പരിശുദ്ധാത്മ വ്യാപാരത്താൽ എഴുതപ്പെട്ടതാണെന്നും സഭാപിതാക്കന്മാർ പഠിപ്പിച്ചിരിക്കുന്നതായി അനേകം ഉദ്ധരണികൾ സഭയുടെ ആരാധനാ ചരിത്രത്തിൽ ലഭ്യമാണ്. എ.ഡി. 473–ൽ പീറ്റർ ഫുള്ളർ പാത്രിയർക്കീസിന്റെ കാലം മുതൽ എങ്കിലും 'വിശ്വാസപ്രമാണം' ഏറ്റുചൊല്ലൽ വി. കുർബ്ബാനയുടെ ഭാഗമായി നിർബന്ധമായും ഉപയോഗിച്ചു കാണുന്നുണ്ട്.

സാർവ്വത്രിക സഭയുടെ പ്രതീകമായ ഏകവിശ്വാസം, ഏക മാമോദീസാ, ഏക ക്രിസ്തു എന്ന തത്വം പ്രഘോഷിക്കപ്പെടുന്നതും അവയിലൂടെ പ. സഭയ്ക്ക് സത്യവിശ്വാസത്തിലുള്ള സാർവ്വത്രികത കൈവരുന്നതും 'വിശ്വാസപ്രമാണ' പ്രഖ്യാപനത്തിലൂടെയാകയാൽ ആയത് പൂർണ്ണരൂപത്തിൽ പ. സഭ ഒന്നടങ്കം ആരാധനാവേളകളിൽ ഏറ്റുചൊല്ലണമെന്ന് മോശ ബർകീപ്പാ നിഷ്കർഷിക്കുന്നുണ്ട്. ആയത് പ. സഭയുടെ പ്രാർത്ഥനയും സാക്ഷ്യവും സ്തുതിപ്പും അനുസ്മരണവും പ്രത്യാശയും എല്ലാമെല്ലാമാകുന്നുവെന്ന് പിതാക്കന്മാർ ആവർത്തിച്ച് പഠിപ്പിക്കുന്നുണ്ട്.

വിശ്വാസപ്രമാണത്തിലെ വേദശാസ്ത്രം ബഹു. അച്ചൻ ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ ലേഖനം ആയത് പ്രതിപാദിച്ചിട്ടില്ല (പഠനം ആഗ്രഹിക്കുന്നവർക്ക് അനേകം പുസ്തകങ്ങളും ലേഖനങ്ങളും ഈ വിഷയത്തിൽ ലഭ്യമാണ്). എന്നാൽ വിശ്വാസപ്രമാണത്തിന്റെ അവസാന വരികൾ – 'മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു' എന്ന അതിമനോഹരമായ ക്രൈസ്തവ പ്രത്യാശയാണ് എന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ് ബഹു. അച്ചൻ ഈ അദ്ധ്യായം അവസാനിപ്പിക്കുന്നത്.

❑



വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ് ജനറൽ സെക്രട്ടറി ഡോ. ജെറി പില്ലൈ, ക്രിസ്ത്യൻ കോൺഫ്രൻസ് ഓഫ് ഏഷ്യാ ജനറൽ സെക്രട്ടറി ജോർജ് ചുനക്കര, നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ ജനറൽ സെക്രട്ടറി അസീർ എബനേസർ എന്നിവർ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പ. ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായെ സന്ദർശിച്ചു.



പുത്തൻകാവ് മെട്രോപ്പൊലിറ്റൻ ഹയർ സെക്കൻഡറി സ്കൂളിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ കേരളാ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്തു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു.



ബാംഗ്ലൂർ ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്തായായി ചെന്നൈ ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ പീലക്സിനോസിനെ പരിശുദ്ധ കാതോലിക്കാ ബാവ നിയമിച്ചു.



സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്തായുടെ നാല്പതാം ഓർമ്മദിനം 2023 സെപ്റ്റംബർ 28–നു ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമത്തിലെ മാർ ഏലിയാ ചാപ്പലിൽ വച്ച് ആചരിച്ചു. ശുശ്രൂഷകൾക്ക് പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായും സഭയിലെ മെത്രാപ്പോലീത്താമാരായ ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, ഡോ. ജോസഫ് മാർ ദീവന്നാസ്യോസ്, ഡോ. എബ്രഹാം മാർ എപ്പിഫാനിയോസ്, ഡോ. മാത്യൂസ് മാർ തിമോത്തിയോസ്, അലക്സിയോസ് മാർ യൗസേബിയോസ്, യാക്കോബ് മാർ ഏലിയാസ്, ഡോ. സക്കറിയാസ് മാർ അപ്രേം, ഗീവർഗീസ് മാർ പക്കോമിയോസ് എന്നിവർ നേതൃത്വം നൽകി.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

മർദ്ദീൻ യാത്രയുടെ നൂറ് വർഷങ്ങൾ

ഡെറിൻ രാജു

ചരിത്രത്തിനു ഒരു ആവർത്തന സ്വഭാവമുണ്ടെന്നു പറയാറുണ്ട്. മലങ്കര സഭാ തർക്കത്തിന്റെ കാര്യത്തിലെങ്കിലും അത് ഒരു വലിയ പരിധി വരെ ശരിയാണ്. തർക്കവും ഭിന്നതയും കഴിഞ്ഞ രണ്ട് നൂറ്റാണ്ടു കാലത്തെ മലങ്കരസഭാ ചരിത്രത്തിന്റെ സിംഹഭാഗവും അപഹരിച്ചതാണ്. എന്നാൽ എപ്പോഴെല്ലാം തർക്കവും ഭിന്നതയും ഉണ്ടായിട്ടുണ്ടോ അപ്പോഴെല്ലാം തന്നെ അത് പരിഹരിക്കാനുള്ള ശ്രമവും ഉണ്ടായിട്ടുണ്ട്.

അന്ത്യോഖ്യൻ സഭയുടെ അധീശത്വ മനോഭാവവും അതിനോട് വിധേയത്വം പുലർത്തിയ മലങ്കരയിലെ ഒരു വിഭാഗത്തിന്റെ താൽപര്യങ്ങളും ഇരുപതാം നൂറ്റാണ്ടിലെ ഭിന്നതയുടെ പ്രധാന കാരണമായിരുന്നു. 1911–ൽ അന്ത്യോഖ്യാ പാത്രിയർക്കീസ് അബ്ദുള്ളാ രണ്ടാമൻ വട്ടശ്ശേരിൽ മാർ ദീവന്നാസിയോസിനെ അകാരണമായും അകാനോനികമായും മുടക്കിയത് ഭിന്നത രൂക്ഷമാക്കി. അതിനു മുമ്പ് ഭിന്നത ഏറെയും ആശയപരമായിരുന്നെങ്കിൽ മുടക്ക് ഭിന്നതയെ വ്യവസ്ഥാപിതമാക്കി. പാത്രിയർക്കീസ് അനുകൂലവിഭാഗവും (ബാവാ കക്ഷി) മെത്രാപ്പോലീത്താ അനുകൂലവിഭാഗവും (മെത്രാൻ കക്ഷി) അസോസിയേഷനുകൾ വിളിച്ചുകൂട്ടുകയും സമുദായത്തിനായി ട്രസ്റ്റിമാരെ തിരഞ്ഞെടുക്കുകയും ചെയ്തു. കേസുകളും ആരംഭിച്ചു. ഇതിൽ പ്രധാനമായത് വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ വട്ടിപ്പണത്തിന്റെ പലിശ വാങ്ങുന്നതിനെതിരെ പാത്രിയർക്കീസ് പക്ഷം നൽകിയ കേസാണ്. തിരുവിതാംകൂർ ഹൈക്കോടതിയിൽ നിന്ന് ചീഫ് ജസ്റ്റിസ് വീരരാഘവയ്യങ്കാർ പുറപ്പെടുവിച്ച വിധി പൂർണമായും മാർ ദീവന്നാസിയോസിനു എതിരായിരുന്നു. പാത്രിയർക്കീസ് പക്ഷത്തിനു പൂർണവിജയം നൽകിക്കൊണ്ട് മുടക്കിനെ അനുകൂലിച്ച് പുറപ്പെടുവിച്ച വിധി അംഗീകരിക്കാനോ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തി പാത്രിയർക്കീസിനു വിധേയപ്പെടാനോ മെത്രാപ്പോലീത്തായോ അദ്ദേഹത്തെ അനുകൂലിച്ച ഭൂരിപക്ഷമോ തയ്യാറായില്ല. പിളർപ്പായിരുന്നു മുന്നിൽ ശേഷിച്ച മാർഗം. എന്നാൽ ഭിന്നത ഒഴിവാക്കാൻ ഒരു അവസാനശ്രമമെന്ന നിലയിലാണ് തന്റെ വൃദ്ധതയിൽ, കാഴ്ച തീരെ മങ്ങിയ ഘട്ടത്തിൽ അതിസാഹസികമായ ഒരു യത്നത്തിനു വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് തയ്യാറായത്.

ഭിന്നത രൂക്ഷമാക്കേണ്ടതില്ല എന്ന് കരുതി 1923–ൽ ഒന്നാം കാതോലിക്കാ കാലം ചെയ്തിട്ട് പത്തു വർഷമായിരുന്നെങ്കിലും ഒരു പുതിയ കാതോലിക്കായെ തിരഞ്ഞെടുത്തിരുന്നുമില്ല. അതുകൊണ്ട് തന്നെ വിധി വന്നപ്പോൾ പരാജയപ്പെട്ടതുകൊണ്ടാണോ മാർ ദീവന്നാസിയോസ് മർദ്ദീൻ യാത്രയ്ക്ക് ഒരുങ്ങിയത് എന്ന് ചിന്തിക്കുന്നതിൽ അർത്ഥമില്ല. മാത്രമല്ല യാത്ര തുടങ്ങുന്ന സമയത്ത് കുണ്ടറ വച്ച് സംശയത്തിനിടയുണ്ടാകാത്തവണ്ണം വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് തന്റെ യാത്രയുടെ ഉദ്ദേശ്യം വ്യക്തമാക്കുന്നുണ്ട്. "... യാത്രോദ്ദേശ്യത്തെപ്പറ്റി പലരും പല വിധത്തിൽ ഊഹിക്കുന്നു. വ്യവഹാരത്തിൽ തോറ്റതു മൂലമുണ്ടായ ദുഃഖം തീർക്കാൻ വിദേശസഞ്ചാരത്തിനു പുറപ്പെട്ടിരിക്കുകയാണ്. വല്ല കാരണവും പറഞ്ഞ് യെരുശലേമിൽ എത്തി ശിഷ്ടായുസ്സ് അവിടെ കഴിക്കാൻ പുറപ്പെടുകയാണ്. പാത്രിയർക്കീസിനെ കണ്ട് യഥാർത്ഥങ്ങളെല്ലാം ധരിപ്പിച്ചിട്ടും നിഷ്പക്ഷനിലയിൽ ഒന്നും ചെയ്യാത്തപക്ഷം ഏതെങ്കിലും കിഴക്കൻ സഭയിൽ ചേരണമെന്നാണുദ്ദേശ്യം, എന്നീ വിധത്തിൽ പോകുന്നു ഊഹാപോഹങ്ങൾ. പാത്രിയർക്കീസിനെ കണ്ട് ഇപ്പോഴത്തെ കുഴപ്പങ്ങളും അവയുടെ യഥാർത്ഥ കാരണങ്ങളും നേരിട്ട് ധരിപ്പിക്കണമെന്ന് മാത്രമാണ് നമ്മുടെ യാത്രയുടെ ഉദ്ദേശ്യം എന്ന് തെളിവായിത്തന്നെ പറഞ്ഞുകൊള്ളട്ടെ..." (*മാർ ഗീവറുഗീസ് ദീവന്നാസ്യോസിന്റെ നിത്യാക്ഷരങ്ങൾ*, മൂന്നാം വാല്യം).

1923 ജൂൺ 23–നു കുണ്ടറയിൽ നിന്ന് ആരംഭിച്ച മർദ്ദീൻ യാത്ര അഞ്ച് മാസങ്ങൾക്കു ശേഷം നവംബർ 30–ന് ഷൊർണ്ണൂരിൽ അവസാനിച്ചു. വട്ടശ്ശേരിൽ മാർ ദീവന്നാസിയോസിന്റെ സഹയാത്രികരായി പൂതക്കുഴിയിൽ അബ്രഹാം കത്തനാർ, ചെറിയമഠത്തിൽ സ്ക്കറിയ മല്പാൻ, മാർ ദീവന്നാസിയോസിന്റെ പരിചാരകരായ അയ്പ്പ്, കുന്നംകുളം സ്വദേശി വാറു എന്നിവരായിരുന്നു മർദ്ദീൻ യാത്രയിൽ ഉണ്ടായിരുന്നത്. അത്യന്തം ക്ലേശകരവും സാഹസികവുമായ ആ ദൗത്യത്തിനു നൂറ് വർഷങ്ങൾ ആവുകയാണ്. പിൽക്കാലത്ത് പലരും ആ



ദൗത്യം പല രീതിയിൽ തുടർന്നു. മർദ്ദീനു പകരം ഹോംസോ ലെബനോനോ ഒക്കെ ആയി എന്നു മാത്രം. അതാണ് ആദ്യമേ ചരിത്രത്തിന്റെ ആവർത്തന സ്വഭാവത്തെപ്പറ്റി എഴുതാനുള്ള കാരണവും.

കുണ്ടറയിൽ ആരംഭിച്ച യാത്ര ബോംബെയിൽ നിന്ന് ബസ്രായിലേക്കു കപ്പൽ വഴിയും ബസ്രായിൽ നിന്ന് ബാഗ്ദാദിലേക്കു തീവണ്ടി വഴിയും ആയിരുന്നു. മൊസൂളിൽ എത്തിയത് കാറിനായിരുന്നു. നന്നേ അപരിഷ്കൃതവും അവികസിതവുമായ മർദ്ദീനിൽ നിരവധി വെല്ലുവിളികളാണ് മാർ ദീവന്നാസിയോസും കൂടെയുള്ളവരും നേരിട്ടത്. കള്ളന്മാർ ഉൾപ്പെടെയുള്ളവരെ അവർക്ക് അഭിമുഖീകരിക്കേണ്ടി വന്നു. എങ്കിലും പാത്രിയർക്കീസ് ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയനെ കാണുവാനും മലങ്കരയിലെ വിഷയങ്ങൾ അവതരിപ്പിക്കുവാനും സന്ധിവ്യവസ്ഥകൾ സംസാരിച്ചു ഉറപ്പിക്കുവാനും സാധിച്ചു. പാത്രിയർക്കീസ് തന്നെ നേരിട്ട് വട്ടശ്ശേരിൽ മാർ ദീവന്നാസിയോസിന്റെ മുടക്ക് തീർത്തിരിക്കുന്നതായി പ്രഖ്യാപിക്കുകയും ചെയ്തു. മുടക്ക് യഥാർത്ഥത്തിൽ തന്നെ ബാധിച്ചു എന്ന് അശേഷവും മാർ ദീവന്നാസിയോസ് ചിന്തിച്ചിരുന്നില്ല. അതുകൊണ്ട് തന്നെയാണ് മുടക്കിനുശേഷവും അദ്ദേഹം പട്ടം കൊടുക്കുക വരെ ചെയ്തിരുന്നത്. എന്നാൽ മുടക്ക് സഭാ യോജിപ്പിന് ഒരു പ്രതിസന്ധിയായി സഭാതലത്തിൽ നിലനിന്ന ഘട്ടത്തിൽ ആ മുടക്ക് ഒഴിവായാൽ ഭിന്നതയും ഒഴിവാകും എന്നദ്ദേഹം ചിന്തിച്ചതിൽ തെറ്റ് പറയാനാകില്ലല്ലോ. പാത്രിയർക്കീസിന്റെ മുടക്ക് തീർത്തതായ പ്രസ്താവന നടന്നതിന്റെ പിറ്റേ ദിവസം നടന്ന മെത്രാൻ സ്ഥാനാഭിഷേകത്തിൽ മാർ ദീവന്നാസിയോസ് കാപ്പാ ധരിച്ച് പാത്രിയർക്കീസിനോടൊപ്പം സംബന്ധിക്കുകയും ചെയ്തു. തന്റെ പ്രായാധിക്യവും മരുഭൂമിയിലെ ഉഷ്ണവും മാർ ദീവന്നാസിയോസിനെ നന്നേ ക്ഷീണിപ്പിച്ചുവെങ്കിലും സമുദായത്തിലെ ഭിന്നത തീരാൻ പോകുന്നു എന്ന ചിന്ത അദ്ദേഹത്തെ ഉത്സാഹപ്പെടുത്തിക്കൊണ്ടിരുന്നു. മലങ്കരയിൽ നിന്ന് ആളുകൾ എത്തിയ ഉടനെ മുടക്ക് തീർത്തു കല്പന പാത്രിയർക്കീസ് കൊടുത്തു എന്ന് തെറ്റിദ്ധരിക്കേണ്ടതില്ല.

1924 മകര മാസം 9–നു മാർ ദീവന്നാസിയോസ് പരുമല സെമിനാരിയിൽ നിന്ന് അയച്ച കല്പനയിൽ കാണുന്നത് ശീമയിൽ എത്തിയശേഷം 47 ദിവസങ്ങൾ പാത്രിയർക്കീസ് മലങ്കരയിൽ നിന്നുള്ള സംഘത്തിന്റെ ആവശ്യങ്ങൾ അംഗീകരിക്കുകയോ അവയ്ക്കു ചെവികൊടുക്കുകയോ ചെയ്തില്ലായെന്നാണ്. മാർ ദീവന്നാസിയോസിന്റെ കൂടെ സഹകാർമികത്വത്തിൽ നടന്ന മെത്രാൻ സ്ഥാനാഭിഷേകത്തിൽ സ്ഥാനം പ്രാപിച്ച ഒരാൾ നേരത്തെ മലങ്കരയിൽ ഉണ്ടായിരുന്ന ഏലിയാസ് റമ്പാനായിരുന്നു. ഇദ്ദേഹം മാർ യൂലിയോസ് എന്ന പേരിലാണ് മെത്രാൻ സ്ഥാനം പ്രാപിച്ചത്. മുടക്ക് തീർത്ത കല്പന പാത്രിയർക്കീസ് ഇദ്ദേഹത്തെയാണ് ഏല്പിച്ചത്. മൊസൂളിൽ നിന്ന് ഒക്ടോബർ 31–നു അയച്ച ടെലഗ്രാം സന്ദേശത്തിൽ ഇത് പറയുന്നുണ്ട്. തുടർന്ന് സംഘം മലങ്കരയിലേക്ക് തിരിച്ചുപോന്നു. മാർ യൂലിയോസും കൂടെ ഉണ്ടായിരുന്നു. മാർ യൂലിയോസും മലങ്കരയിലേക്ക് വരുന്നു എന്നറിഞ്ഞപ്പോൾ കോട്ടയം ചെറിയപള്ളി, നിരണം പള്ളി തുടങ്ങിയ പല ദൈവാലയങ്ങളും അദ്ദേഹത്തെ മലങ്കരയിലേക്ക് സ്വാഗതം ചെയ്തുകൊണ്ട് ടെലഗ്രാം സന്ദേശങ്ങൾ അയയ്ക്കുകയുണ്ടായി. നവംബർ 30–നു സംഘം ഷൊർണൂർ റെയിൽവേ സ്റ്റേഷനിൽ എത്തി. ആർക്കോണത്തു വച്ച് കൽപ്പന കാണണമെന്ന് മാർ ദീവന്നാസിയോസ് ആവശ്യപ്പെട്ടതനുസരിച്ച് മാർ യൂലിയോസ് കൽപന ചെറിയമഠത്തിൽ മൽപ്പാനെ ഏൽപ്പിക്കുകയും മൽപ്പാൻ അത് വായിക്കുകയും ചെയ്തുവെന്നും തങ്ങൾ അത് കേട്ടു എന്ന് ഗിരിദീപത്തിൽ മാർ ഈവാനിയോസ് എഴുതിയിട്ടുണ്ട്. എന്നാൽ എറണാകുളം റെയിൽവേ സ്റ്റേഷനിൽ വച്ച് മുടക്കു തീർത്ത കൽപ്പനയുടെ കാര്യം ആളുകൾ മാർ യൂലിയോസിനോട് ചോദിക്കുകയുണ്ടായി. എന്നാൽ അദ്ദേഹം കല്പന കാണിക്കുവാനോ വായിച്ചു കേൾപ്പിക്കുവാനോ തയ്യാറാകാതെ മുടക്ക് തീർത്ത കല്പന തന്റെ കൈവശമുണ്ടെന്നും മുടക്ക് തീർത്തു എന്ന വാർത്ത കേട്ട് വന്ന നിങ്ങൾക്ക് അങ്ങനെ വിശ്വസിച്ച് തന്നെ മടങ്ങിപ്പോകാം എന്നും പറഞ്ഞു. എന്നാൽ പിന്നീട് ആ കല്പന പുറത്തു വന്നില്ല. അത് മാത്രമല്ല, മുടക്ക് തീർത്തില്ലായെന്നും അബ്ദേദ് മശിഹായുടെ സ്ഥാനത്തെ നിഷേധിക്കണം, ഉടമ്പടി കൊടുക്കണം തുടങ്ങിയ നിർദേശങ്ങൾ കല്പനയിൽ ഉണ്ടെന്നുമൊക്കെയുള്ള പ്രചാരണങ്ങൾ യൂലിയോസും മറ്റും ആരംഭിക്കുകയും ചെയ്തു. സമാധാനം വീണ്ടും മരീചികയായി തീർന്നു. ഏതൊരാളും അസ്തപ്രജ്ഞനായി പോകാവുന്ന ഈ സാഹചര്യത്തിലാണ് മാർ ദീവന്നാസിയോസിലെ യഥാർഥ നേതാവ് ഉണർന്നത്. 12 വർഷമായി നീട്ടിവച്ചിരുന്ന കാതോലിക്കാ സ്ഥാനാരോഹണം സഭയുടെ ഭാവിയെ കരുതി നിർവഹിക്കുവാൻ അദ്ദേഹം തയ്യാറായി. കോട്ടയം, അങ്കമാലി ഇടവകകളുടെ ഗീവറുഗീസ് മാർ പീലക്സിനോസിനെ ബസേലിയോസ് ഗീവറുഗീസ് പ്രഥമൻ എന്ന പേരിൽ മലങ്കരയുടെ സുന്നഹദോസ് പൗരസ്ത്യ കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തി. വട്ടിപ്പണക്കേസ് വിധിക്കെതിരെ മാർ ദീവന്നാസിയോസ് റിവ്യൂ ഹർജി കൊടുക്കുകയും ചീഫ് ജസ്റ്റിസ്



ചാറ്റ്ഫീൽഡ് അധ്യക്ഷനായ ബഞ്ച് മാർ ദീവന്നാസിയോസിനു അനുകൂലമായി തീർപ്പ് കല്പിക്കുകയും ചെയ്തു.

മാർ ദീവന്നാസിയോസിന്റെ മർദ്ദീൻ യാത്ര ഈ നൂറാം വർഷം അനുസ്മരിക്കപ്പെടേണ്ടത് പരാജയപ്പെട്ട ഒരു ദൗത്യമെന്ന നിലയിലല്ല. തന്റെ ഉദ്യമത്തിൽ മാർ ദീവന്നാസിയോസ് ജയിക്കുക തന്നെയാണുണ്ടായത്. എന്നാൽ അതിലുപരി സഭ ഭിന്നിക്കപ്പെടരുതെന്നുള്ള മാർ ദീവന്നാസിയോസിന്റെ താല്പര്യവും നിർബന്ധവും അതിനായി എത്ര വലിയ പ്രതിസന്ധിയെയും നേരിടാൻ അദ്ദേഹം തയ്യാറായി എന്നതുമാണ് ഓർക്കപ്പെടേണ്ടത്. എന്നാൽ മറുപക്ഷത്തു നിന്ന് അതിനനുകൂലമായ താല്പര്യം കാണാതിരുന്നപ്പോൾ ഒരു നിമിഷം വൈകാതെ സഭയുടെ മുന്നോട്ടുപോക്കിനു വേണ്ടത് ചെയ്യാൻ അദ്ദേഹം തയ്യാറായി എന്നതും സ്മരിക്കപ്പെടേണ്ടതാണ്. അത് ഇന്നും പ്രസക്തവുമാണ്.

◆

പ. വട്ടശേരിൽ തിരുമേനിയുടെ മുടക്ക് തീർത്തുവെന്ന് പാത്രിയർക്കീസ് വിഭാഗം കോടതിയിൽ

"12. മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ മുടക്കു സിവിൽ കോടതിയാൽ അസ്ഥിരപ്പെടുത്തപ്പെട്ടു എങ്കിലും വിശുദ്ധ അന്ത്യോക്യാ പാത്രിയർക്കീസ് ബാവായിൽ നിന്ന് ഉണ്ടായിട്ടുള്ള മുടക്ക് ആ തിരുമേനി തന്നെ മാറ്റാതെ അതു നിമിത്തമുണ്ടായിട്ടുള്ള ആത്മീയ മാലിന്യത്തിനു നീക്കം വരുന്നതല്ലെന്നു മലങ്കരസഭയ്ക്കെന്നപോലെ മെത്രാപ്പോലീത്തായ്ക്കും ഉണ്ടായിരുന്ന വിശ്വാസം നിമിത്തം അന്ത്യോക്യായിലെ വിശുദ്ധ മോറാൻ മാർ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ തിരുമനസുകൊണ്ട് 1106–ൽ ഇവിടെ എഴുന്നെള്ളിയ സമയം മെത്രാപ്പോലീത്താ അദ്ദേഹത്തെ സമീപിച്ചു മുടക്കു തീർക്കണമെന്ന് അപേക്ഷിച്ചതനുസരിച്ച് അദ്ദേഹം മുടക്കു തീർക്കുകയും വിവരത്തിനു പള്ളികളിലേക്കു കല്പന അയക്കുകയും ചെയ്തിട്ടുള്ളതാകുന്നു."

(പ. വട്ടശേരിൽ തിരുമേനിയുടെ മുടക്ക് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് തീർത്തു പള്ളികൾക്ക് കല്പന അയച്ചുവെന്ന് 1937–ൽ കോട്ടയം ജില്ലാ കോടതിയിൽ കൊടുത്ത കേസിന്റെ പത്രികയിൽ പാത്രിയർക്കീസ് വിഭാഗം പറയുന്നു. *മലങ്കരസഭാതർക്കം: എന്താണ് സത്യം?*, ഡെറിൻ രാജു, സോഫിയാ ബുക്സ്, കോട്ടയം, 2020, പേജ് 249–250)



കോട്ടയം ബസേലിയസ് കോളേജിലെ പൂർവ്വവിദ്യാർത്ഥി സംഘടന (വിബസേലിയൻ) കോളജിന് സമർപ്പിച്ച ഗുരുദക്ഷിണയായ ഡിജിറ്റൽ തീയേറ്റർ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ കൂദാശ ചെയ്തു. പൂർവ്വവിദ്യാർത്ഥി മോൻസ് ജോസഫ് എം.എൽ.എ., ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, പ്രിൻസിപ്പൽ പ്രൊഫ. ഡോ. ബിജു തോമസ് തുടങ്ങിയവർ സംബന്ധിച്ചു.

ലേഖനം

നസ്രാണി പെമ്പിളമാരുടെ സാംസ്കാരിക തനിമയും വേഷവിധാനവും

ഫാ. യാക്കോബ് മാത്യു

കാതില

1809-ലെ കണ്ടനാട് പടിയോലയിൽ (മലങ്കര നസ്രാണി പള്ളിയോഗം/ Malankara Association) പെമ്പിളക്ക് കാതില അനുവദനീയമെന്നു കാണാം. കാത് മൂടുന്ന തരത്തിലുള്ള ഒരു കാതില പഴയകാലത്ത് നസ്രാണി പെമ്പിളമാർ അണിഞ്ഞിരുന്നതായി സൂചനയുണ്ട്. ഇതിൽ നിന്ന് വ്യത്യസ്തമായ ഒരു കാതിലയും പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യം വരെ മിക്ക നസ്രാണി സ്ത്രികളും ധരിച്ചിരുന്നു. ഇന്നത്തെ കമ്മലുപോലെ കാതിൽ (ear lobe) തൂങ്ങി കിടക്കുന്നതുപോലാണ് ഈ കാതില ധരിച്ചിരുന്നത്. പിന്നീട് ഇത് അപൂർവ്വമായി. ഇപ്രകാരമുള്ള രണ്ട് കാതിലകൾ പ്രദേശികമായി ഉപയോഗിച്ചിരുന്നു..

കുണുക്ക്/മേക്കാമോതിരം

പെമ്പിളമാർ മറ്റ് സ്ത്രീകളിൽ നിന്നും വ്യത്യസ്തമായി പതിനഞ്ച് പതിനാറ് വയസ്സാകുമ്പോൾ മേക്കാത്കുത്തി മേക്കാമോതിരം (കുണുക്ക്) ധരിച്ചിരുന്നു. പൈപ്പ്പോലെ അകംപൊള്ളയായി വട്ടത്തിൽ നിർമ്മിക്കുന്ന ഈ ആഭരണം ഒരു കാലത്ത് വിവാഹപ്രായം ആയി എന്നതിന്റെ സൂചന കൂടിയായിരുന്നു എന്ന് പറയുന്നു. വാർദ്ധക്യത്തിൽ പ്രവേശിച്ച വല്യമ്മമാരാണ് (അമ്മച്ചി) പിന്നീട് ഇത് കൂടുതലായി ഇട്ടുവന്നത്. കുണുക്ക്, മേക്കാമോതിരം എന്നിങ്ങനെ രണ്ട് പേരുകൾ ഈ ആഭരണത്തിനുണ്ട്.

വാളിക

നാണയംപോലെ ഒറ്റം വൃത്തത്തിൽ പരന്നും കാതിന് മുകളിൽ വരുന്ന മറ്റെ അറ്റത്ത് ചെറുവട്ടമുള്ളതുമാണ് വാളിക. മേക്കാതിൽ മുകളീന് താഴേയ്ക്ക് തൂങ്ങികിടക്കുന്ന രീതിയിൽ ഇതണിയുന്നു.

മൊരശും ചങ്ങലയും

നീളമുള്ള നേർത്ത കമ്പിയുടെ രണ്ടറ്റത്തായി തുല്യ അളവിലുള്ള ഇരട്ട മൊട്ടുകൾ കൊടുത്താണ് മൊരശ് നിർമ്മിക്കുന്നത്.കൊത്തുപണികൾ ചെയ്ത് ഈ മൊട്ടുകൾ മനോഹരമാക്കും. മൊരശിന്റെ രണ്ടറ്റങ്ങളെയും ബന്ധിച്ച് ചെറു ചങ്ങലയും ഇതിൽ ഉണ്ടാകും. മേക്കാതിലാണ് ഇത് ധരിച്ചിരുന്നത്. മേക്കാതിൽ കുണുക്ക് ധരിച്ചിരുന്ന ചിലർ ഇടക്കാതിൽ ഇത് ധരിച്ചിരുന്നു.



കാപ്പ്

നസ്രാണി പെമ്പിളമാർ കൈയ്യിൽ കാപ്പ് ധരിച്ചിരുന്നു.ഓരോരുത്തരും അവരുടെ സാമ്പത്തിക സ്ഥിതി പോലെ സ്വർണ്ണത്തിലോ വെള്ളിയിലോ ഇവ നിർമ്മിച്ചിട്ടുവന്നു. തൂക്കത്തിലും എണ്ണത്തിലും കുറഞ്ഞതും കൂടിയതുമായ കാപ്പുകളും, കൊത്തുപണികൾ ഉള്ളതും ഇല്ലാത്തതുമായ കാപ്പുകളും ഉണ്ടായിരുന്നു. തന്റെ കാലശേഷം ഇന്നാർക്ക് എന്ന് പറഞ്ഞ് മക്കൾക്കോ കൊച്ചുമക്കൾക്കോ മറ്റ് ആഭരണങ്ങൾക്കൊപ്പം ഇവയും വീതം വെച്ച് നൽകുകയോ വീതം വെച്ചെടുക്കുകയോ ആയിരുന്നു രീതി.



കാൽതള

കാലിൽ തള ഇടുന്നവരായിരുന്നു നസ്രാണി വനിതകൾ. അപൂർവ്വമായി മാത്രമാണ് അവ ധരിച്ചിരുന്നതെങ്കിലും പെമ്പിളമാരുടെ ആടയാഭരണങ്ങളിൽ ഇതുമുൾപ്പെടുന്നു. വിവാഹം, മാർഗ്ഗംകളി പോലുള്ള അവസരങ്ങളിലായിരുന്നു തള ധരിച്ചിരുന്നത്. എന്നാൽ കുട്ടികൾ മുതൽ നവവധുക്കൾ വരെയുള്ളവർ ഇവ സ്ഥിരമായി ധരിച്ചിരുന്നതായി കാണാം.

ഒരു കാലത്ത് മലങ്കര സഭയിൽ ചില പ്രതിസന്ധികൾ ഉണ്ടായപ്പോൾ സഭാതലവനായ മലങ്കര മൂപ്പനെ സഹായിക്കാൻ തളകൾ ഉൾപ്പെടെയുള്ള മെയ്യാഭരണങ്ങൾ വിറ്റോ പണയം വച്ചോ നസ്രാണി സമുദായത്തോടുള്ള തങ്ങളുടെ കൂറും ആത്മാർത്ഥതയും പ്രകടിപ്പിച്ച അനേകം നസ്രാണി പെമ്പിളമാരെ സഭാചരിതത്തിൽ കാണാവുന്നതാണ്.കുടുംബത്തിന്റെ കൂടാതെ ദേശത്തിന്റെയും രാജ്യത്തിന്റെയും പൊതുവായ കാര്യങ്ങൾക്കായി ഇപ്രകാരം പ്രവർത്തിച്ചവരും ചരിത്രത്തിലുണ്ട്.

കടുദാശി (ഏലസ്സ്)

നസ്രാണി പെമ്പിളമാർ ഇടതുകൈമുട്ടിന് മീതെ അണിഞ്ഞിരുന്ന ഏലസ്സാണിത്. കടുദാശി എന്നും പേരുണ്ട്. സ്വർണ്ണത്തിലും വെള്ളിയിലും നിർമ്മിച്ച് ധരിച്ചിരുന്നു.

നസ്രാണി വിവാഹം

ക്രൈസ്തവസഭ വിവാഹത്തെ നോക്കികാണുന്നത് മണവാളനായ ക്രിസ്തുവും (Jesus Christ) മണവാട്ടിയായ സഭയും (Holy Church) തമ്മിലുള്ള ബന്ധത്തിന്റെ തലത്തിലാണ്.ക്രിസ്തു സഭയെ സ്നേഹിക്കുകയും തന്റെ ജീവൻ കൊടുത്തും അതിനെ സംരക്ഷിക്കുകയും ചെയ്തതുപോലെ ദമ്പതികളും (മണവാളനും മണവാട്ടിയും) പരസ്പരം സ്നേഹിക്കുകയും കരുതുകയും ചെയ്യണമെന്ന് ക്രൈസ്തവ സഭ ഉദ്ബോധിപ്പിക്കുന്നു.നസ്രാണികൾ 'കെട്ട്' എന്നാണ് പൊതുവെ വിവാഹത്തെ വിശേഷിപ്പിക്കുന്നത്. കെട്ടിയോൻ, കെട്ടിയോൾ എന്നീ വാക്കുകൾ നസ്രാണി വധു-വരന്മാരെ കുറിക്കുന്നു. കെട്ട് എന്ന

വാക്ക് തന്നെ താലികെട്ടിൽ (മിന്നുകെട്ട്) നിന്നും വന്നതാണ്.

പൂർവ്വീക വിവാഹരീതികൾ

പൂർവ്വീകകാലത്ത് നസ്രാണികളുടെ വിവാഹ രീതി സംബദ്ധിച്ച് വ്യക്തമായ വിവരങ്ങൾ തുലോം കുറവാണ്.ലഭിക്കുന്ന വിവരമനുസരിച്ച് രണ്ട് കുടുംബങ്ങളിലെ അംഗങ്ങൾ പരസ്പരം കെട്ടി (വിവാഹം കഴിച്ച്) പുലരുന്നു (ജീവിക്കുന്നു) എന്ന അർത്ഥത്തിൽ 'കെട്ടിപുലർച്ച്' എന്നാണ് വിവാഹം അറിയപ്പെട്ടിരുന്നത്. രണ്ടാഴ്ചയോളം നീണ്ടുനിൽക്കുന്ന കെട്ടിപുലർച്ചയുടെ ചടങ്ങുകൾ മണവാട്ടിയുടെയും പിന്നീട് മണവാളന്റെയും ഭവനങ്ങളിൽ വച്ചായിരുന്നു നടന്നിരുന്നത്. ഓരോ ദിവസവും ഓരോ തരത്തിലുള്ള ചടങ്ങുകൾ നടത്തിയിരുന്നു. പ്രധാന ദിവസമായ അവസാന ദിവസമായിരുന്നു കെട്ട് നടന്നിരുന്നത്.

കുടുംബത്തിലെ കാർന്നോന്മാരുടെ സാനിധ്യത്തിൽ നടക്കുന്ന ഈ ചടങ്ങുകളുടെ പ്രധാനദിവസം ക്ഷണിക്കപ്പെടുന്നപക്ഷം പുരോഹിതൻ വന്ന് പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകിയിരുന്നു.മണവാളൻ മണവാട്ടിക്ക് പുടവ കൈമാറുകയും മണിവാട്ടിയുടെ കഴുത്തിൽ താലി ചാർത്തുകയും ചെയ്യുന്നതായിരുന്നു പ്രധാന ചടങ്ങ്.വിവാഹശേഷം രണ്ടുപേരുടെയും കാലുകൾ കഴുകിച്ച് നെറ്റിയിൽ കുരിശ് വരച്ച് മധുരം നൽകിയിരുന്നു.വിവാഹിതയായവൾ എന്നതിന്റെ അടയാളമായി മണവാട്ടിയെ സിന്ദൂരമണിയിച്ചായിരുന്നു മണവാളന്റെ ഭവനത്തിലേയ്ക്ക് പ്രവേശിപ്പിച്ചിരുന്നത് എന്ന അഭിപ്രായവുമുണ്ട്. മലങ്കരസഭയ്ക്ക് പേർഷ്യൻ (പൗരസ്ത്യ സുറിയാനി) സഭയുമായുണ്ടായ ബന്ധത്തെ തുടർന്ന് പുരോഹിത കാർമ്മികത്വത്തിലുള്ള ഒരു ശുശ്രൂഷയായി വിവാഹചടങ്ങുകൾ പള്ളിയിലേയ്ക്ക് മാറി.

വിവാഹ വസ്ത്രം

നസ്രാണി മാപ്പിളമാരുടെ അറിയപ്പെടുന്ന പഴയ വിവാഹ വസ്ത്രം അടിമുണ്ട്, മേൽമുണ്ട്, തോൾമുണ്ട്, ലേസ് എന്നിവയായിരുന്നു. പ്രത്യകമായി ലഭിച്ച അവകാശപ്രകാരം രണ്ടുതുമ്പും ഞൊറിയിട്ടായിരുന്നു മാപ്പിള മുണ്ടുടുത്തിരുന്നത്.ചുവന്ന ചുട്ടിയോടുകൂടിയ (സോമൻ) മേൽമുണ്ടായിരുന്നു മാപ്പിള ധരിച്ചിരുന്നത് എന്ന് അനുമാനിക്കുന്നു. മാമോദീസ വേളയിൽ രണ്ടാം ജനത്തിന്റെ അടയാളമായി ധരിപ്പിച്ചശേഷം ഊരിമാറ്റിയിരുന്ന പൂണൂൽ വിവാഹവേളയിൽ വീണ്ടും മണവാളന് ധരിപ്പിച്ചിരുന്നു. പൂണൂലിന് പകരം ഉത്തരീയം പോലെ തോൾമുണ്ട് വിവാഹത്തിന് ധരിക്കുന്നരീതി പിന്നീട് വന്നു. പട്ടുകുപ്പായം വിവാഹത്തിന് ധരിക്കുന്ന രീതിയും പുറകാലെ വന്നുചേർന്നു. ഇപ്പോൾ ഇതെല്ലാം കാലോചിതമായി മാറിയിരിക്കുന്നു.

നസ്രാണി പെമ്പിളമാരുടെ (ചേട്ടത്തിമാർ) വിവാഹവസ്ത്രം ചട്ടയും മുണ്ടും ഉത്തരീയമായ കവണിയുമായിരുന്നു. പിന്നീട് സാരി ഉൾപ്പെടെ പലതരം വിവാഹവസ്ത്രങ്ങൾ പ്രചാരത്തിൽ വരികയും ചട്ടയും മുണ്ടും ഒഴിവാക്കപ്പെടുകയും ചെയ്തു. പുതിയ തലമുറയിൽ പരമ്പരാഗത രീതികൾ തിരിച്ച് പിടിക്കുന്നതിന്റെ ഭാഗമായി അപൂർവ്വമായി ചട്ടയും മുണ്ടും മറ്റും വിവാഹത്തിന് ഉപയോഗിച്ച് കാണുന്നുണ്ട്.ഇന്ന് മലങ്കര സഭയിൽ ഉപയോഗത്തിൽ ഇരിക്കുന്ന പാശ്ചാത്യ സുറിയാനി (അന്ത്യാഖ്യൻ) ആരാധനാക്രമപ്രകാരമുള്ള വിവാഹകൂദാശയിലെ നടപടികൾ ഇപ്രകാരമാണ്. പൗരസ്ത്യ സുറിയാനി (കൽദായ) ആരാധനാക്രമത്തിലെ നടപടികളുമായി ഇവയ്ക്ക് കാര്യമായ വ്യത്യാസമില്ല.



മോതിരം

വിവാഹ നിശ്ചയത്തിന്റെ പ്രതീകമായാണ് മലങ്കര നസ്രാണി സഭയിൽ വധുവരന്മാരെ മോതിരം ധരിപ്പിക്കുന്നത്. വിവാഹ കൂദാശയിലെ ആദ്യഭാഗം തന്നെ മോതിരം വാഴ്വിന്റെ ക്രമം (ശുശ്രൂഷ) എന്നാണ് അറിയപ്പെടുന്നത്.വിവാഹ സമയത്ത് മന്ത്രകോടിക്കും, കിരീടങ്ങൾക്കും (മാല), മിന്നിനും ഒപ്പം ദേവാലയത്തിലെ നമസ്കാരമേശയിലേയ്ക്ക് മോതിരങ്ങളും സമർപ്പിക്കപ്പെടുന്നു. പുരോഹിതൻ പ്രാർത്ഥന ചൊല്ലി അവ വാഴ്ത്തി ആദ്യം വരന്റെയും പിന്നെ വധുവിന്റെയും വലതുകൈയിലെ നാലാമത്തെ വിരലിൽ (മോതിരവിരൽ) അണിയിക്കുന്നു. ഇതിനുശേഷം വിവാഹ ശുശ്രൂഷയുടെ രണ്ടാം ഭാഗത്തിലേയ്ക്ക് പ്രവേശിച്ച് കിരീടം വാഴ്വ് നിർവ്വഹിക്കുന്നു.


കിരീടം (മുടി)

നസ്രാണികളുടെ വിവാഹകൂദാശയിലെ പ്രധാനഭാഗമാണ് കിരീടം വാഴ്വ്. ഒരു പുതിയ കുടുംബത്തിലെ രാജാവും രാജ്ഞിയുമായി മണവാളനെയും മണവാട്ടിയെയും കിരീടധാരണം ചെയ്യിക്കുന്നു എന്നതാണ് ഈ ശുശ്രൂഷയിലെ സൂചന. ഇതിനായി പ്രത്യകം നിർമ്മിച്ച കിരീടങ്ങളായിരുന്നു നസ്രാണി പള്ളികളിൽ ഉപയോഗിച്ചിരുന്നത്.വിവിധ ലോഹങ്ങളിലും തുണിയിലും പ്രത്യക പണികൾ ചെയ്തു നിർമ്മിക്കുന്ന കിരീടങ്ങൾ ഉണ്ടായിരുന്നു.വലിപ്പം കൂടിയ കിരീടം ആൺമുടി എന്നും വലിപ്പം കുറഞ്ഞവ പെൺമുടിയെന്നും അറിയപ്പെട്ടിരുന്നു. മുളന്തുരുത്തി,അരക്കുഴ,അങ്കമാലി,മുട്ടുചിറ,കടുത്തുരുത്തി തുടങ്ങിയ പുരാതന പള്ളികളിൽ അവ ഇന്നും സൂക്ഷിച്ചുവരുന്നു.

ലോകമെമ്പാടുമുള്ള എല്ലാ ഓർത്തഡോക്സ് സഭകളിലും വിവാഹത്തിന് കിരീടം തന്നെയാണ് ഉപയോഗിച്ച് വരുന്നതെങ്കിലും മലങ്കരസഭയിൽ ഇന്ന് കിരീടം ഉപയോഗിച്ച് കാണുന്നില്ല. എന്നാൽ കേരളത്തിലെ സീറോ മലബാർ കത്തോലിക്കാ സഭയിലും, ക്നാനായ സമൂഹത്തിലും ചിലയിടങ്ങളിൽ കിരീടം തന്നെ ഉപയോഗിക്കുന്നുണ്ട്.മലങ്കരയിൽ കുരിശോടുകൂടിയ സ്വർണ്ണമാലയാണ് കിരീടം വാഴ്വിന് ഉപയോഗിക്കുന്നത്.പുരോഹിതൻ പ്രാർത്ഥനചൊല്ലി അവ വാഴ്ത്തുന്നു. ശേഷം പ്രത്യക ഗീതം മലയാളത്തിലും സുറിയാനിയിലും മാറി മാറി ചൊല്ലി മൂന്നുപ്രാവശ്യം വീതം മണവാളന്റെയും പിന്നീട് മണവാട്ടിയുടെയും ശിരസ്സിൻമേൽ ആഘോഷിച്ചശേഷം (ഒരാളുടെ ശിരസ്സിൽ മൂന്ന് പ്രാവശ്യം വച്ച് രണ്ടാളുടെയും ശിരസ്സിൽ ആറ് പ്രാവശ്യം) അത് അവരുടെ കഴുത്തിൽ ധരിപ്പിക്കുന്നു. കിരീടം വാഴ്വിന് ശേഷമാണ് വരൻ വധുവിന്റെ കഴുത്തിൽ മിന്ന് കെട്ടുന്നതും ശിരസ്സിൽ മന്ത്രകോടി ധരിപ്പിക്കുന്നതും.

മിന്ന് (താലി)

നസ്രാണികളുടെ വിവാഹത്തിന് മംഗല്യസൂത്രമായി കുമ്പളത്താലി ആയിരുന്നു ഉപയോഗിച്ചിരുന്നത്.കുമ്പളങ്ങയുടെ കുരുവിന്റെ ആകൃതിയിലുള്ള ഈ താലിയിൽ കുരിശടയാളം വിളക്കിച്ചേർത്താണ് പെമ്പിളമാർ ധരിച്ചിരു



ന്നത്.കുമ്പളത്താലി പരിഷ്കരിച്ചാണ് ഇന്ന് നസ്രാണികൾ വിവാഹത്തിന് ഉപയോഗിക്കുന്ന മിന്ന് രൂപകൽപ്പന ചെയ്തിരിക്കുന്നത്. മിന്ന് എന്ന വാക്കിന് തിളങ്ങുക, പ്രകാശിക്കുക എന്നൊക്കെയാണ് അർത്ഥം. ഹൈന്ദവ സംസ്കൃതിയിലെ താലികെട്ടുപോലെ മിന്നുകെട്ട് എന്ന പദം നസ്രാണി വിവാഹത്തെ വിവക്ഷിക്കുന്നു.

തീനാവിന്റെ (ആത്മവരം) ആകൃതിയിൽ നിർമ്മിച്ച ലോഹത്തിൽ ഏഴോ ഒൻപതോ പന്ത്രണ്ടോ സ്വർണ്ണമൊട്ടുകൾ കുരിശാകൃതിയിൽ പതിപ്പിച്ചാണ് മിന്ന് നിർമ്മിക്കുന്നത്. അവസാനം വരെ ക്രിസ്തു കേന്ദ്രീകൃതമായ ജീവിതം നയിക്കുക, പരസ്പരം ഒട്ടിച്ചേർക്കപ്പെട്ടവരായി ദമ്പതികൾ ജീവിക്കുക എന്നെല്ലാമാണ് മിന്ന് നൽകുന്ന സന്ദേശം. പ്രത്യക ചരടിൽ കോർത്ത് വിവാഹ സമയം പള്ളിയിലെ നമസ്കാരമേശയിലേയ്ക്ക് സമർപ്പിക്കുന്ന മിന്ന് പുരോഹിതൻ ആശീർവദിക്കുന്നു. പുരോഹിതൻ പിടിച്ച് നൽകുന്ന മിന്ന് മണവാളൻ മണവാട്ടിയുടെ കഴുത്തിൽ കെട്ടുന്നു. ആദ്യ മൂന്ന് ദിവസം അതെ ചരടിൽ തന്നെ മിന്ന് മണവാട്ടിയുടെ കഴുത്തിൽ കിടക്കുന്നു. പിന്നീട് അത് സ്ഥിരം ധരിക്കുന്ന മാലയിലേയ്ക്ക് (മിക്കവാറും വാഴ്ത്തി നൽകിയ കിരീടം/കുരിശ്മാല) കോർത്ത് ധരിക്കുന്നു.

മിന്ന് പെമ്പിളയുടെ കാലശേഷം

പെമ്പിള നിര്യാതയാകുമ്പോൾ ഒരു ചരടിൽ കെട്ടി ഭൗതീകശരീരത്തിന്റെ കഴുത്തിൽ തന്നെ മിന്ന് ധരിപ്പിക്കുന്നു.പള്ളിയിലെ ശുശ്രൂഷയുടെ സമാപനത്തിൽ കബറടക്കത്തിന് മുമ്പായി മിന്ന് പള്ളി ഭണ്ഡാരത്തിൽ മാപ്പിളയോ (ഭർത്താവ്) മക്കളോ മറ്റോ നിക്ഷേപിക്കുന്നു.ഒരു കാലത്ത് പള്ളിയിലെ കാസായുടെ നിർമ്മാണത്തിനും നവീകരണത്തിനുമായും കഹനേന്മാരുടെ ആവശ്യങ്ങൾക്കായും ഇപ്രകാരം നിക്ഷേപിക്കപ്പെടുന്ന മിന്ന് ഉപയോഗിച്ചിരുന്നു. ഇന്ന് പള്ളിയിലെ പൊതുവായ ആവശ്യങ്ങൾക്കായും ചാരിറ്റികാര്യങ്ങൾക്കായും ആയത് ഉപയോഗിച്ചുവരുന്നു.

മിന്നിന്റെ ചരട്

ഭാരതത്തിലെ പുരാതന രീതിപോലെ ചന്ദനനിറത്തിലുള്ള 108 നൂലുകൾ താലിക്കായി നസ്രാണികളും ഉപയോഗിച്ചിരുന്നു. 1599-ലെ ഉദയംപേരൂർ സുന്നഹദോസിന് തുടർന്ന് ഇതിന് മാറ്റം സംഭവിച്ചു. പിന്നിട് മന്ത്രകോടിയിൽ നിന്നെടുത്ത ഇരുപത്തി ഒന്ന് നൂലുകൾ ചേർത്ത് ചരടുണ്ടാക്കി അതിൽ കുമ്പളതാലി കോർത്താണ് വിവാഹത്തിന് ഉപയോഗിച്ചു വന്നത്. ഇന്ന് മന്ത്രകോടിയിൽ നിന്ന് മൂന്നോ എഴോ നൂലുകൾ എടുത്ത് അവയിൽ ചോറു തേച്ച് പ്രത്യകമായി



പിരിച്ച് ചരടാക്കി അവയിൽ മിന്ന് കോർത്ത് വിവാഹത്തിന് ഉപയോഗിക്കുന്നു.

മന്ത്രകോടി (വിരിപ്പാവ്)

ഹൈന്ദവ പാരമ്പര്യത്തിലെ പുടവകൊടുക്കലാണ് മലങ്കര നസ്രാണികൾക്കിടയിലെ മന്ത്രകോടി ധരിപ്പിക്കലായി മാറിയത്. വെള്ളമുണ്ട് (പുടക) ആയിരുന്നു മന്ത്രകോടിയായി നൽകിവന്നിരുന്നത്. പിന്നീട് കസവ് ചേർത്ത് തുന്നിയ കവണി നൽകിവന്നു. ഇപ്പോൾ വില പിടിപ്പുള്ളതും സവിശേഷമായി തുന്നിയതുമായ സാരി (പട്ട്) മന്ത്രകോടിയായി നൽകിവരുന്നു. മിന്നുകെട്ടിന് തുടർന്ന് പുരോഹിതന്റെ സഹായത്തോടെ മണവാളൻ മണവാട്ടിയുടെ ശിരസ്സ് മറയ്ക്കുന്ന രീതിയിൽ മന്ത്രകോടി ധരിപ്പിക്കുന്നു. വിവാഹ ശുശ്രൂഷയ്ക്ക് ശേഷം അത് ധരിച്ച് പെമ്പിള വിവാഹ സൽക്കാരത്തിൽ പങ്കെടുക്കുന്നു.വിവാഹശേഷം വി.കുർബ്ബാന കാണാൻ ആദ്യമായി പള്ളിയിൽ (മണവാളന്റെയും മണവാട്ടിയുടെയും പള്ളികളിൽ) പോകുമ്പോൾ പെമ്പിള മന്ത്രകോടി ധരിക്കുന്നു. പ്രസവത്തിനായി ഭർതൃഭവനത്തിൽ നിന്ന് സ്വഭവനത്തിലേയ്ക്ക് പോകുമ്പോഴും പ്രസവശേഷം കുഞ്ഞുമായി തിരിച്ച് വരുമ്പോഴും ഇത് ധരിക്കുന്നു. പെമ്പിള നിര്യാതയാകുമ്പോൾ അവസാനമായി അവളെ ഒരുക്കുന്നതും സംസ്കരിക്കുന്നതും ഈ മന്ത്രകോടി ധരിപ്പിച്ചാണ്.

മന്ത്രകോടി ചാർത്തലിന് ശേഷം പുതുതായി ആരംഭിക്കുന്ന ദാമ്പത്യ ജീവിതത്തിൽ മണവാളനും മണവാട്ടിയും പരസ്പരം താങ്ങായും തണലായും നിൽക്കണമെന്ന് വിശദമായി നിർദേശിച്ചുകൊണ്ട് ഇരുവരുടെയും വലതുകൈ പരസ്പരം പിടിപ്പിച്ച് അവരെ സ്വയം ഭരമേൽപ്പിക്കുന്നു.ആശീർവാദത്തോടെ ശുശ്രൂഷ പൂർത്തികരിച്ച് ദമ്പതികളും സാക്ഷികളിൽ രണ്ട് പേരും വിവാഹ ഉടമ്പടിയിൽ (രജിസ്റ്ററിൽ) ഒപ്പ് വയ്ക്കുന്നു.

പണ്ട് വിദേശത്തുനിന്ന് വന്നിരുന്ന മെത്രാന്മാർ (foreign bishops) വിവാഹ ശുശ്രൂഷ നിർവ്വഹിക്കുമ്പോൾ അക്രൈസ്തവം (non-canonical) എന്ന നിലയിൽ മിന്ന്കെട്ടൽ, മന്ത്രകോടി ധരിപ്പിക്കൽ എന്നിവ ചെയ്യാതെ അയത് പുരോഹിതരെ ഏൽപിച്ച് മാറിനിന്നിരുന്നു. ഇന്നും തദ്ദേശീയരായ മെത്രാന്മാർ ആ രീതി തുടരുന്നെങ്കിലും ഇപ്പോഴത്തെ മലങ്കര മെത്രാപ്പോലീത്താ ഉൾപ്പെടെ ചില മെത്രാന്മാർ ഇവ എല്ലാംതന്നെ നിർവ്വഹിച്ചുവരുന്നുണ്ട്.

മഹനീയ പൈതൃകങ്ങൾ മങ്ങാതിരിക്കട്ടെ

മലങ്കര നസ്രാണി സ്ത്രീജനമായ പെമ്പിളമാരുടെ നൈർമല്യത്തിന്റെ മുഖമുദ്രയായ ഈ ശോഭിത വസ്ത്രവും ആഭരണങ്ങളും ഉപയോഗിക്കുന്നവർ ഇന്ന് അപൂർവ്വമായി വരുന്നു. കാലപ്രവാഹത്തിൽ വന്ന മാറ്റമെന്ന് ഇതിനെ വിശേഷിപ്പിക്കുമ്പോഴും നസ്രാണികളുടെ തനതായ പൂർവ്വീക വ്യക്തിത്വത്തിൽ വന്ന നഷ്ടമായെ ഇതിനെ കാണാൻ കഴിയു.മലങ്കര നസ്രാണി ആഢ്യത്വത്തിന്റെ പ്രതീകമായ വലിപ്പചെറുപ്പമില്ലാത്ത ഈ നിർമ്മല വസ്ത്രവും മറ്റും അശേഷം ഉപേക്ഷിക്കപ്പെടാതിരിക്കാൻ ഓരോ നസ്രാണിയും ശ്രദ്ധിക്കേണ്ടതുണ്ട്. ❑



കാതോലിക്ക ദിനം: മലബാർ ഭദ്രാസനത്തിലെ മുഴുവൻ വൈദികരും 1000 രൂപ വീതം നൽകി മാതൃകയായി

കോഴിക്കോട്: 2023-ലെ കാതോലിക്ക ദിന കവർ കളക്ഷൻ 100% പള്ളികളിൽ നിന്നും 100% ടാർഗറ്റ് തികച്ച് മലബാർ ഭദ്രാസനം. ഇതിന് പുറമെ മലബാർ ഭദ്രാസനത്തിലെ 100% വൈദികരും 1000 രൂപ വീതവും (അതാത് ഇടവകകളിൽ നൽകിയതിന് പുറമെ) ഭദ്രാസന മെത്രാപ്പോലീത്താ മാർ പക്കോമിയോസ് നൽകിയ 30000 രൂപയും ചേർത്ത് ഒരു ലക്ഷം രൂപയുടെ ചെക്ക് പ. കാതോലിക്കാ ബാവായ്ക്ക് മലബാർ ഭദ്രാസന സെക്രട്ടറി ഫാ. കുര്യാക്കോസ് പീറ്റർ നൽകി. ആദ്യമായി സഭയിലെ ഒരു ഭദ്രാസനത്തിലെ എല്ലാ വൈദികരും 1000 രൂപ വീതം കാതോലിക്ക ദിന ശേഖരണത്തിലേക്കു നൽകിയതിൽ മലബാർ ഭദ്രസനത്തിലെ വൈദീകരെ പ. ബാവാ അഭിനന്ദിച്ചു.

വചനതീർത്ഥം



"അത്യല്പത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തൻ"

സ്ലീബാ പെരുന്നാളിനുശേഷം മൂന്നാം ഞായർ. വി. ലൂക്കോസ് 16:1–13

ഫിലിപ്പോസ് റമ്പാൻ
(ജ്യോതിസ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)

ക്രിസ്ത്യാനികളായ നാം സ്വത്തും പണവും ഭൗതിക നന്മകളും കൈകാര്യം ചെയ്യുന്നവരാണ്. ധനവും ലോകനന്മകളും അനുഗ്രഹമായാലും ശാപമായാലും മനുഷ്യനു സ്വത്ത് കൈകാര്യം ചെയ്യേണ്ടതായി വരും. ധനം ധൂർത്തടിച്ചാൽ അത് ശാപമാകുന്നത് ധൂർത്തപുത്രന്റെ കഥയിലൂടെ (വി. ലൂക്കോസ് 15:13) നാം കണ്ടതാണ്. ധനം ധൂർത്തടിച്ചെന്ന് കുറ്റാരോപണമേറ്റ കാര്യസ്ഥന്റെ കഥയോടെയാണ് 16–ാം അദ്ധ്യായം തുടങ്ങുന്നത്. ധൂർത്തടിക്കാതെ ധനം നമുക്കും മറ്റുള്ളവർക്കും പ്രയോജനകരമായി കൈകാര്യം ചെയ്യണം. അതിനുള്ള വഴി യേശുതമ്പുരാൻ പറഞ്ഞുതരുന്നു ആവശ്യമുള്ളവർക്ക് പങ്കിടുക. അങ്ങനെ ധനവും സമ്പത്തും പണവും ഭൗതിക നന്മകളും, നമുക്ക് ദൈവരാജ്യ പ്രവേശനത്തിനും മറ്റുള്ളവർക്ക് ദൈവരാജ്യത്തിന്റെ ആശ്വാസത്തിനും മാർഗ്ഗമാകും. ദൈവരാജ്യത്തിൽ ഇടം ലഭിക്കുവാൻ ആവശ്യക്കാർക്ക് ധനം പങ്കുവയ്ക്കണമെന്ന ആശയം ഈ വേദഭാഗത്തുനിന്നു ലഭിക്കുന്നു. അങ്ങനെ പങ്കിടാൻ യേശു അധികാരത്തോടെ പഠിപ്പിക്കുന്ന ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ ഉൾക്കൊള്ളണം ഹൃദയം ദൈവത്തിൽ വയ്ക്കണം.

സമ്പത്ത് ധൂർത്തടിക്കാതെ വിവേകപൂർവ്വം കൈകാര്യം ചെയ്യണം

യേശുവിന്റെ കാലത്ത് പാലസ്തീൻ കാർഷികരാജ്യമായിരുന്നു. പ്രധാനമായും കൃഷിയിലൂടെയായിരുന്നു ധനം സമ്പാദിച്ചുകൊണ്ടിരുന്നത്. ഗോതമ്പും ഒലിവും ആയിരുന്നു പ്രധാന കൃഷി. ഭൂസ്വത്ത് ഉടമ കുടിയാന്മാർക്ക് പാട്ടത്തിനു കൊടുക്കും. പാട്ടം കൃഷി വിഭവങ്ങളാകാം. പാട്ടം യഥാസമയം ഉടമയായ യജമാനന് കൊടുത്തില്ലെങ്കിൽ കടമാകും. സാധനങ്ങളുടെ കണക്കു കൊടുത്തിട്ടും പണം നൽകാത്ത കച്ചവടക്കാരാകാം കടക്കാർ. കാര്യങ്ങളൊക്കെ നടത്താൻ ഉടമ കാര്യസ്ഥനെ നിയമിക്കും. കാര്യസ്ഥൻ യജമാനന് പ്രയോജനം ഉണ്ടാകണം. അധികപ്പാട്ടമോ പലിശയോ ചുമത്തി കാര്യസ്ഥനും കൂട്ടത്തിൽ സമ്പാദിക്കാം. "വിവേകപൂർവ്വം പ്രവർത്തിച്ചതിന് അവിശ്വസ്തനായ കാര്യസ്ഥനെ യജമാനൻ പ്രശംസിച്ചു (വി. ലൂക്കോസ് 16:8). ഇവിടെ യേശു അവിശ്വസ്ഥനായ കാര്യസ്ഥനെ മാതൃകയാക്കി അവതരിപ്പിക്കുകയല്ല. കാര്യസ്ഥന്റെ അവിശ്വസ്തതയ്ക്കല്ല, വിവേകപൂർവ്വമായ പ്രവൃത്തിക്കാണ് കൂടുതൽ ഊന്നൽ കൊടുത്തിരിക്കുന്നത്. അവിശ്വസ്തനായ കാര്യസ്ഥൻ വിഷമസന്ധിയിൽ വിവേകപൂർവ്വം പ്രവർത്തിച്ചതിന് യജമാനൻ പ്രശംസിച്ചു.

ഇവിടെ കാര്യസ്ഥൻ എങ്ങനെയാണ് വിവേകപൂർവ്വം പ്രവർത്തിച്ചത്. യജമാനന്റെ ധനം കാര്യസ്ഥൻ ധൂർത്തടിക്കുന്നു എന്ന പരാതികൊണ്ട് യജമാനൻ അയാളെ ജോലിയിൽ നിന്ന് പിരിച്ചുവിടാൻ നിശ്ചയിച്ചു എന്ന് അയാൾ അറിഞ്ഞു. ജീവിക്കാൻ വഴിമുട്ടുന്ന സ്ഥതിയിലായി. വിഷമസന്ധി നേരിടാനുള്ള വഴി തിരിച്ചറിഞ്ഞു. യജമാനൻ പിരിച്ചുവിട്ടാലും ആളുകൾ തന്നെ സ്വീകരിക്കുവാൻ വഴി യജമാനന്റെ ധനം കൊണ്ടുതന്നെ ഉണ്ടാക്കി ആളുകളുടെ മുമ്പിൽ ഉദാരമതിയാവുക. കൈകാര്യം ചെയ്യുന്ന ധനം കൊണ്ട് ആളുകളെ സ്നേഹിതരാക്കുക. യജമാനന്റെ കടക്കാരുടെ കടം യജമാനനു നഷ്ടമുണ്ടാകാത്ത വിധത്തിൽ ഇളച്ചുകൊടുത്തു ഇത്രയും വലിയ ഇളവുകൾ യജമാനനോടു ആലോചിക്കാതെ കാര്യസ്ഥൻ സ്വയമേ ചെയ്തു. യജമാനനു കിട്ടേണ്ട വകയിൽ നിന്നാണ് ഇളച്ചുകൊടുത്തിരുന്നു എങ്കിൽ അക്കാരണത്താൽ തന്നെ അയാളെ യജമാനൻ പ്രശംസിക്കുകയില്ലായിരുന്നു. തീർച്ചയായും പിരിച്ചുവിടുമായിരുന്നു. തനിക്കു ലഭിക്കേണ്ട വരുമാനത്തിൽ നിന്നാണ് കാര്യസ്ഥൻ ഇളച്ചുകൊടുത്തത്. ധൂർത്തടിക്കാൻ ഉപയോഗിച്ചിരുന്ന ധനം മറ്റുള്ളവരെ ആശ്വസിപ്പിക്കാൻ ഉപയോഗിച്ചു. കാര്യസ്ഥൻ വിവേകപൂർവ്വം പ്രവർത്തിച്ചു. നാമും അയാളെപ്പോലെ വിവേകപൂർവ്വം ധനം കൈകാര്യം ചെയ്യണം. സ്വന്തം ഉപയോഗത്തിനു അല്ലെങ്കിൽ ധൂർത്തടിക്കാനായി ഉപയോഗിക്കാവുന്ന ധനം മറ്റുള്ളവരെ കടഭാരത്തിൽ നിന്നു മോചിപ്പിക്കാനും ആശ്വസിപ്പിക്കാനും ഉപയോഗിക്കുന്നതിലാണ് വിവേകം അന്തർഭവിച്ചിരിക്കുക. വിവേകപൂർവ്വം പ്രവർത്തിക്കുന്ന കാര്യസ്ഥനെ യജമാനൻ പ്രശംസിക്കും. വിവേകപൂർവ്വം ധനം കൈകാര്യം ചെയ്യുന്ന കാര്യസ്ഥരെ പ്രശംസിക്കുന്ന യജമാനനാണ് യേശുക്രിസ്തു.

നാം കൈകാര്യം ചെയ്യുന്ന ധനം നമ്മുടെ ആയാലും, മറ്റുള്ളവർ നമ്മെ ഏല്പിച്ചതായാലും ഉത്തരവാദിത്വബോധത്തോടും വിവേകത്തോടും കൈകാര്യം ചെയ്ത് ധനം പ്രയോജനപ്പെടുത്തണം. പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാർ മാത്രമല്ല, ചുങ്കക്കാരിൽ നിന്നും, പാപികളിൽ നിന്നും മാനസാന്തരപ്പെട്ടു വന്നവരുമടങ്ങുന്ന പൊതുവായ ശിഷ്യസമൂഹം. യേശുവിനെ അനുഗമിക്കുന്ന സകലരും ധനം പ്രയോജനപ്രദമായി വിനിയോഗിക്കാൻ വിവേകത്തോടെ പ്രവർത്തിക്കണം. ഇവിടെ നമുക്ക് ലഭിച്ചിരിക്കുന്ന സമ്പത്തു മാത്രമല്ല നമുക്ക് ദൈവം നൽകിയിരിക്കുന്ന ബുദ്ധിയും, കഴിവും, തലമുറയും എല്ലാറ്റിനെയും സമൂഹത്തിനെ പ്രയോജനകരമായ രീതിയിൽ വിവേകപൂർവ്വം ഉപയോഗിക്കുമ്പോൾ ആണ് നമ്മുടെ ജീവിതം അർത്ഥപൂർണ്ണമാകുന്നത്.

ദൈവത്തെയും മാമോനേയും സേവിപ്പാൻ കഴിയുകയില്ല

രണ്ടു യജമാനന്മാരെ സേവിപ്പാൻ ഒരു ഭൃത്യനും കഴിയുകയില്ല. അവൻ ഒരുവനെ പകെച്ചു മറ്റവനെ സ്നേഹിക്കും. അല്ലെങ്കിൽ ഒരുത്തനോടു പറ്റിച്ചേർന്നു മറ്റവനെ നിരസിക്കും. ലോകത്തിൽ മനുഷ്യൻ കൂടുതൽ ആശ്രയിക്കുന്നതും മനസ്സുറപ്പിക്കുന്നതും ധനത്തിലായതിനാൽ സാധാരണ ഗതിയിൽ 'മാമോന' ധനമാണെന്നു കരുതാം. ധനം അനീതിയുടെ "മാമോന" ആകുന്നത് ധനം മനുഷ്യനെ തിന്മയിലേക്ക് നയിക്കുന്നതിനാലാണ്. "ന്യായമായിട്ടല്ലാതെ ധനം സമ്പാദിക്കുന്നവൻ താൻ ഇടാത്ത മുട്ട പൊരുന്നിരിക്കുന്ന തിത്തിരി പക്ഷിയെപ്പോലെയാകുന്നു" (യിരമ്യാവ്. 17:11). ധനം അതിൽതന്നെ തിന്മയല്ല. അന്യായമായി സമ്പാദിച്ചാൽ ധനം അനീതിയുടെ "മാമോൻ" ആകാം. ഉപയോഗതൃഷ്ണ ശമിപ്പിക്കുവാൻ ധനം വിനിയോഗിക്കുമ്പോൾ അത് അനീതിയുടെ "മാമോൻ" ആകുന്നു. "താൻ തൃപ്തനായി തീർന്നിട്ട് യഹോവ ആർ എന്നു നിന്നെ നിഷേധിപ്പാനും ദരിദ്രനായി തീർന്നിട്ട് മോഷ്ടിച്ച് എന്റെ ദൈവത്തിന്റെ നാമത്തെ തീണ്ടിപ്പാനും സംഗതി വരരുതേ" (സദൃശ്യവാക്യങ്ങൾ 30:9)" യുഗാന്ത്യപരമായ കാഴ്ചയില്ലാതെ ധനം വിനിയോഗിക്കരുത്. ധനം കടന്നു പോകും നിത്യഭവനത്തിൽ സ്വീകൃതരാകുവാൻ തക്കവിധം അതു കൈകാര്യം ചെയ്യണം.

ധനം പല അപകടങ്ങളിലേക്കും മനുഷ്യനെ വലിച്ചിഴയ്ക്കുകയും ചെയ്യും. "ധനികരാകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാരനാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇടവരുന്ന മൗഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായിത്തീരുകയും ചെയ്യുന്നു." "ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക." ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ ഇതു ചിലർ കാംക്ഷിച്ചിട്ട് വിശ്വാസം വിട്ടുഴന്നു ബഹുദുഃഖങ്ങൾക്ക് അധീനരായി തീർന്നിരിക്കുന്നു. (1 തീമോത്തി. 6:8–10). ധനസമ്പാദനത്തെ ഒരിക്കലും ഇവിടെ കുറ്റപ്പെടുത്തുകയല്ല. ന്യായമാർഗ്ഗങ്ങളിൽ കൂടിയുള്ള ധനസമ്പാദനം ഒരിക്കലും കർതൃഹിതത്തിനെതിരല്ല. നമ്മുടെ

കൈവശം വന്നുചേരുന്ന ധനം നമ്മെ അപകടപ്പെടുത്തുന്നതാണെങ്കിലും നമുക്കു സ്നേഹിതന്മാരെ സമ്പാദിക്കുവാൻ കഴിയും. ആ കാര്യസ്ഥനെപ്പോലെ ദീർഘദൃഷ്ടിയോടുകൂടി നിത്യകൂടാരത്തിലേക്ക് - സ്വർഗ്ഗത്തിലേക്ക് ദൃഷ്ടി വച്ചുകൊണ്ട് നാം നമ്മുടെ ധനത്തെ വിനിയോഗിക്കണം. ആ കാര്യസ്ഥൻ അവനെ ഏല്പിച്ച ധനം, താൻ ബഹിഷ്കരിക്കപ്പെടുമ്പോൾ തന്നെ സ്വീകരിക്കുവാൻ തക്കവിധം സ്നേഹിതന്മാരുണ്ടാകുവാനായി ബുദ്ധിപൂർവ്വം വിനിയോഗിച്ചു. അതുപോലെ നാമും നമ്മുടെ ചുറ്റും കാണുന്ന സാധുക്കളുടെയും അവശരുടെയും സഹായത്തിനായി നമ്മുടെ ധനം വിനിയോഗിച്ചാൽ നമ്മുടെ കാര്യസ്ഥത അവസാനിച്ച് കണക്കു ബോധിപ്പിക്കുവാനായി കർതൃസന്നിധിയിൽ എത്തുമ്പോൾ അവർ, അഥവാ അവർ പ്രതിനിധീകരിക്കുന്ന ദൈവം തന്റെ നിത്യകൂടാരങ്ങളിൽ നമ്മെ സ്വീകരിക്കും.

ആയതിനാൽ നമുക്ക് ഒരേസമയത്ത് ദൈവത്തെയും ധനത്തെയും അല്ലെങ്കിൽ ലോകത്തെയും സ്നേഹിക്കുവാൻ കഴിയുകയില്ല. ധനത്തിന്റെ പുറകെ ആർത്തിയോടെ പോകാതെ നാം ദൈവത്തിന്റെ കാര്യസ്ഥർ മാത്രമാണെന്നു മനസ്സിലാക്കി ദൈവം നമ്മെ ഏല്പിച്ചവയെ വിശ്വസ്തതയോടെ കൈകാര്യം ചെയ്യുവാൻ നമുക്ക് കഴിയണം. യഥാർത്ഥ സമ്പത്തായ നിത്യധനം നമ്മെ ഏല്പിക്കണമെങ്കിൽ ഈ ലോകധനത്തിന്റെ കാര്യത്തിൽ വിശ്വസ്തരായിരിക്കണം. നമ്മുടെയും നമ്മെ ഏല്പിക്കുന്ന മറ്റുള്ളവരുടെയും ധനം നാം വിശ്വസ്തതയോടെയും ഉത്തരവാദിത്വത്തോടെയും കൈകാര്യം ചെയ്യുമ്പോൾ വലിയ വലിയ ഉത്തരവാദിത്വങ്ങൾ ദൈവം നമ്മെ ഏല്പിക്കും. "ചെറിയ കാര്യങ്ങളിൽ നാം വിശ്വസ്തരായാൽ വലിയ കാര്യങ്ങളിലും നമുക്ക് ആ വിശ്വസ്തത കാണിക്കുവാൻ സാധിക്കും.




ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായെ ബി.ജെ.പി. ദേശീയ സെക്രട്ടറി അനിൽ ആൻറണി സന്ദർശിച്ചു. ഡൽഹിയിലെ ഹൗസ് കാസ് സെന്റ് മേരീസ് ഓർത്തഡോക്സ് സിറിയൻ കത്തീഡ്രൽ പള്ളിയിലെത്തിയായിരുന്നു സന്ദർശനം.



യുകെ ലെസ്റ്റർ സെന്റ് ജോർജ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവകയുടെ അഭിമുഖ്യത്തിൽ നടത്തുന്ന രണ്ടാമത് മെസ്തൂസോ ഗാനമത്സരം തോമസ് മാർ മക്കറിയോസ് നഗറിൽ വെച്ച് നടത്തപ്പെട്ടു. യുകെയിലെ 17 ഇടവകകളിൽ നിന്നുള്ള മത്സരാർത്ഥികൾ മെസ്തൂസോ സീസൺ 2-ൽ പങ്കെടുത്തു. സമാപന ചടങ്ങിൽ അബ്രഹാം മാർ സ്തേഫനോസ് മത്സര വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

റോയ് ചാക്കോ ഇളമണ്ണൂർ വാർത്താവിഭാഗത്തിന്റെ ചുമതലയേറ്റു



ആകാശവാണി ബെംഗ്ലൂരു വാർത്താവിഭാഗത്തിന്റെ മേധാവിയായി റോയ് ചാക്കോ ഇളമണ്ണൂർ ചുമതലയേറ്റു. ഇന്ത്യൻ ഇൻഫർമേഷൻ സർവീസിലെ ഓഫീസറായ ഇദ്ദേഹം ആകാശവാണി (ഡൽഹി, തിരുവനന്തപുരം, കോഴിക്കോട്) പി.ഐ.ബി (തിരുവനന്തപുരം, കൊച്ചി) ഫീൽഡ് പബ്ലിസിറ്റി ഡയറക്ടറേറ്റ് (തിരുനെൽവേലി), യോജന മാഗസിൻ സീനിയർ എഡിറ്റർ (തിരുവനന്തപുരം) എന്നിവിടങ്ങളിൽ ജോലി ചെയ്തിട്ടുണ്ട്. പബ്ലിക്കേഷൻസ് വിഭാഗം ഡപ്യൂട്ടി ഡയറക്ടറായി ഡൽഹിയിൽ സേവനമനുഷ്ഠിച്ചു വരികയായിരുന്നു.

അർമേനിയൻ ഓർത്തഡോക്സ് വിശ്വാസികൾ നേരിടുന്ന ക്രൂരമായ പീഡനം തികച്ചും അപലപനീയം: പ. കാതോലിക്കാ ബാവാ

കോട്ടയം: നഗൊർനോ-കരാബാഖ് (അസർബൈജാൻ) മേഖലകളിൽ അർമേനിയൻ ഓർത്തഡോക്സ് വിശ്വാസികൾ നേരിടുന്ന ക്രൂരമായ പീഡനം തികച്ചും അപലപനീയമാണന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പ്രസ്താവിച്ചു.


പുരാതന സ്മാരകങ്ങൾ തകർക്കപ്പെടുന്നതും വിശ്വാസികൾ ക്രൂരമായി ആക്രമിക്കപ്പെടുന്നതും ഏറെ വേദന ഉളവാക്കുന്നതായി ബാവാ പറഞ്ഞു. വിശ്വാസ ജീവിതത്തിൽ നേരിടുന്ന കഷ്ടതകൾ കർത്താവിൻറെ പീഡനങ്ങളുമായി താതാത്മപ്പെടുത്തി ചിന്തിക്കേണ്ടതാണെന്നും കഷ്ടതയെ ജയിച്ച് പുനരുത്ഥാനം ചെയ്ത ക്രിസ്തുവിൽ പ്രത്യാശയും ധൈര്യവും കണ്ടെത്തുവാൻ വേദനിക്കുന്നവർക്ക് കഴിയട്ടെ എന്നും അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതായും പ. കാതോലിക്കാ ബാവാ കൂട്ടിചേർത്തു.



'വലിയ മെത്രാപ്പോലിത്താ' എന്ന ബഹുമതി സ്ഥാനനാമം ലഭിച്ച കുര്യാക്കോസ് മാർ ക്ലീമിസിനെ മാതൃഇടവകയായ കൂർത്തമല പള്ളി ഭാരവാഹികൾ മാരാമൺ സമഷ്ടിയിൽ സന്ദർശിച്ച് പൊന്നാട അണിയിച്ചും, പൂച്ചെണ്ട് നൽകിയും ആദരിച്ചു.



Inauguration of Asian Women's Assembly 2023 at Kottayam.



"Worldly Wealth and Eternal Dwellings"

(Third Sunday after the Feast of the Holy Cross)

Luke 16:1-13

Fr. Geevarghese Thomas

The parable of the shrewd manager described by Jesus, has a tendency of being misinterpreted. The actual message of the parable doesn't lie in the business or moral things, instead, it highlights the manager's readiness and shrewdness to secure his future. The eschatological theme aptly manifests in this parable. On the judgment day, we will be destined as per our life accounts. Hence, before we depart, we must be shrewd in managing the "wealth" of this world to ensure our "dwelling" in eternity. What are these wealth of the world? What does it mean to be shrewd with the worldly Wealth?

Reflections

1. The human life experiences, precede greater riches and responsibilities.

With the incarnation of God in human form, the entire elements or experiences or transactions pertaining to human life is innovated to witness and pave humanity into greater realms. Though, towards the end of this parable, Jesus says, *"You cannot serve both God and money"* (verse 13), Jesus does not intend to say money is ungodly or evil. Only the shift or focus of desire is important. That is, what do we consider more important? By transcending our thoughts to God? or limiting our potential self in the transactions of wealth? In another instance, Jesus himself agrees in paying the temple tax, *"But so that we may not cause offense, go to the lake and throw out your line. Take the first fish you catch; open its mouth and you will find a four drachma coin. Take it and give it to them for my tax and yours"* (Matthew 17:27). Another interesting dimension we ought to understand is, what meanings can we imbibe from the expression "worldly wealth"? Jesus said, *"I tell you, use worldly wealth to gain friends for yourselves, so that when it is gone, you will be welcomed into eternal dwellings"* (verse 9). As said earlier, our entire life experiences are potentially innovated to earn "eternal riches". In that sense, not just the money, but our time, our gifted talents, our responsibilities, our relationships etc, everything should be considered as this world's wealth (since it will cease at our departure), which must be sensibly transacted. The wealth of time should not be wasted in ungodly things; the wealth of our talents should not remain unused; the wealth of our entrusted responsibilities must emanate as a Gospel; the wealth of our relationships should reflect God's love, be it in our personal lives or ecclesial life. The transactions in such way, resemble us to be shrewd like manager, in realising the eternal dwellings, even when the worldly wealth ends up. In sensibly and shrewdly using these wealth, they become or favor us as friends at the time of life accounts!

The resurrection of Christ proves that, there is a greater reality. The transactions or life experiences on earth precede the transcending "eternal dwellings". We are unaware of the great responsibilities of the angels at God's service. Jesus, in regard to marriage and resurrection says, *"At the resurrection people will neither marry nor be given in marriage; they will be like the angels in heaven"* (Matthew 22:30). Our worthy earthly lives will make us transform into angels, who serve the Supreme God in different capacities! That is what Jesus says, *"So if you have not been trustworthy in handling worldly wealth, who will trust you with true riches?"* (Luke 16:11). The "true riches" in the "eternal dwellings", is the transcending experience of becoming eternally active or serving in "the divine council" of God. This divine council can be interpreted as "the people of light" mentioned by Jesus. *"For the people of this world are more shrewd in dealing with their own kind than are the people of the light"* (verse 8). The difference of the time and space, offers us in this world, the sanguinity of using the worldly wealth, to transform our worldly identity into "people of light" in the coming world. In other words, we are called to lead a sanctified life, which manifests us as saints in the eternal dwellings! The eschatological significance of this parable, exhorts us to be shrewd in our life transactions, focusing the "riches" or simply the experiences in which we will be eternally active.

Conclusion

Metropolitan Zachariah Mar Anthonios of blessed memory has beautifully said, "When the relationship between Human and God rectifies, the relationship between Human and Human rectifies." Though it seems a very simple message, it carries a great insight. When human efforts to enhance the relationship with God, implies, submitting everything to God's will in prayers; proportionally, the relationship between the fellow beings get rectified and enhanced. The drive of "seeking God" must reflect in all our life transactions. It is when we prioritise, seek and share God in the "worldly wealth," we become disciples serving God and not the money. May God bless us.

❑

"കുഞ്ഞേ, ഈ ലോകത്തിൽ ഒരു മറവു മാത്രമേ ഉള്ളൂ. അത് അത്യുന്നതന്റെ മറവാണ്. മറ്റാരുടെയോ എന്തിന്റെയോ മറവിൽ ആകുവാൻ ആഗ്രഹിക്കരുത്. അത്യുന്നതന്റെ മറവിൽ നിന്ന് മാറിപ്പോകുവാനും ആഗ്രഹിക്കരുത്. ആ മറവിൽ ആയിരിക്കുന്നിടത്തോളം നാം സുരക്ഷിതരായിരിക്കും."

– സഖറിയാ മാർ അന്തോണിയോസ്



മലങ്കരസഭ കോട്ടയത്ത് കൾച്ചറൽ സെന്റർ നിർമ്മിക്കുന്നു

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ കോട്ടയത്ത് കൾച്ചറൽ സെന്റർ നിർമ്മിക്കും. 1700-ൽ പരം ആളുകൾക്ക് ഒരേ സമയം ഭക്ഷണം കഴിക്കാൻ സാധിക്കുന്നതും 3500 ഓളം ആളുകൾ പങ്കെടുക്കുന്ന സമ്മേളനങ്ങൾ നടത്തുവാനും സാധിക്കുന്നവിധത്തിൽ എല്ലാവിധ ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉൾക്കൊള്ളുന്നതുമായ കർച്ചറൽ സെന്ററിന്റെ നിർമ്മാണം ഉടൻ ആരംഭിക്കും.

കോട്ടയത്ത് കളക്ട്രേറ്റിന് സമീപം ഉള്ള എം.ഡി. സെമിനാരി കോമ്പൗണ്ടിൽ ആണ് ഇത് നിർമ്മിക്കുന്നത് 80000 -ൽ പരം സ്ക്വയർ ഫീറ്റുള്ള കൾച്ചറൽ സെന്ററിന് ആകെ 4 നിലകളാണ് ഉള്ളത്. താഴത്തെ 2 നില (cellar and Sub cellar) വാഹന പാർക്കിങ്ങ്. മൂന്നും നാലും നിലകൾ ഓഡിറ്റോറിയങ്ങൾ (Ground Floor and First Floor). ഓഡിറ്റോറിയത്തിന്റെ ഓരോ നിലയും 17000 Square feet വീതമാണ്. ഒരു നിലയിൽ ഭക്ഷണം കഴിക്കാൻ ഏതാണ്ട് 750 പേർക്കും സമ്മേളനം ആണങ്കിൽ 1500 പേർക്കും ഇരിക്കുവാൻ സാധിക്കും. ഒന്നാം നിലയിലും ഇതുപോലെ തന്നെയാണ് സൗകര്യങ്ങൾ.

കൂടാതെ First Floor Balcony (10000 square feet) 200 പേർക്ക് ഭക്ഷണം കഴിക്കുവാനും സമ്മേളനമാണങ്കിൽ 400 പേർക്കും ഇരിക്കുവാൻ സാധിക്കും. 2 ഹാളിലും ബാൽക്കണിയിലുമായി ഭക്ഷണം കഴിക്കുവാൻ 1700 പേർക്കും സമ്മേളനമാണങ്കിൽ 3500 പേർക്കും ഇരിക്കുവാൻ സാധിക്കും. ഈ രണ്ട് ഹാളിലുമായി വിവിധ കോൺഫ്രൻസകൾ, എക്സിബിഷനുകൾ, എന്നിവയും നടത്തുവാൻ സാധിക്കും. അടിയന്തിര ഘട്ടങ്ങളിൽ മലങ്കര അസോസിയേഷൻ യോഗവും നടത്താം. ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉള്ള സ്റ്റേജുകൾ. 20 പേർക്ക് കയറാവുന്ന 4 Lift, 3 Staircase, 38 Bathroom, 44 Urinals, 50 Washbasin, 2 Green Room attached with bathroom, 3 VIP Lounge, 6 Guest room, 2000 square feet Kitchen, 2000 square feet store room, എന്നീ കാര്യങ്ങൾ പ്ലാനിൽ ഉണ്ട്. കൂടാതെ Air-conditioned ഹാളിനോട് അനുബന്ധിച്ച് solar energy systems, rain water harvesting facility, high quality audiovisual equipment, എന്നിവ എല്ലാം ഉണ്ടാകും. ഇത് നിർമ്മിക്കുന്നത് മാർ ഏലിയാ കത്തീഡ്രലിന്റെ മുൻ വശത്തായി MD Higher Secondary school ലേക്കുള്ള വഴിയുടെ വലത്ത് ഭാഗത്തുള്ള സ്ഥലത്താണ്. ഈ ഓഡിറ്റോറിയത്തിന്റെ കിഴക്ക് ഭാഗത്ത് ഉള്ള സ്ഥലത്ത് ഏതാണ്ട് 500 വാഹനങ്ങൾ പാർക്ക് ചെയ്യാൻ സാധിക്കും.

2023 സെപ്റ്റംബർ 26 ന് കൂടിയ സഭാ മാനേജിംഗ് കമ്മിറ്റി യോഗം നിർമ്മാണ ആവശ്യത്തിനുവേണ്ടി ബാങ്ക് ലോൺ എടുക്കുവാൻ തീരുമാനിച്ചു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ പതിറ്റാണ്ടുകളായി ആഗ്രഹിക്കുന്ന കാര്യമാണ് സഭയുടെ പ്രൗഢി വിളിച്ചോതുന്ന ഒരു ഓഡിറ്റോറിയം നിർമ്മിക്കുക എന്നത്. രണ്ട് വർഷംകൊണ്ട് നിർമ്മാണം പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ടിന്റെ അനുമതിക്കായി 2011 മുതൽ നടത്തിയ ശ്രമങ്ങളുടെ ഫലമാണ് ഇപ്പോൾ പ്രവൃത്തിപഥത്തിലെത്തുന്നത്. കോട്ടയം നഗരസഭ മുതൽ തിരുവനന്തപുരം ചീഫ് ടൗൺ പ്ലാനിങ്ങ് ഓഫീസ് വരെ ഇതിനായി നിരന്തരം കയറി ഇറങ്ങി. 2017-ൽ CTP യിൽ നിന്നും നിർമ്മാണ അനുമതി ലഭിച്ചു. 2021-ൽ കോട്ടയം നഗരസഭയിൽ നിന്നും അനുമതി ലഭിച്ചു. ഇതോടൊപ്പം നാഷണൽ ഹൈവേ അതോറിറ്റി, പരിസ്ഥിതി ആഘാത പഠന സമിതി, കേരള പൊലൂഷൻ കൺട്രോൾ ബോർഡ് ഉൾപ്പെടെ ബന്ധപ്പെട്ട എല്ലാ അനുമതികളും ലഭിച്ചു.



എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്ന് MSc. Physics-ൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാന കേന്ദ്ര സമിതി അംഗം അഞ്ചു എലിസബേത് യോഹന്നാനെ ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് പൊന്നാട അണിയിച്ച് ആദരിക്കുന്നു.



സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്താ യുടെ നാല്പതാം ഓർമ്മദിനം മല്ലപ്പള്ളി മാർ അന്തോണിയോസ് ദയറായിൽ ആചരിച്ചു. ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മുഖ്യകാർമ്മികത്വം വഹിച്ചു.



Abraham Mar Seraphim moderating a session on "Mission in Unity and Contextual Theology" at 15th General Assembly of Christian Conference of Asia.



15th General Assembly of Christian Conference of Asia (CCA) official delegates of Malankara Orthodox Syrian Church: Dr. Abraham Mar Seraphim Metropolitan, Dr Thomas Kuruvilla, Karunyapriya Mariam Mathews and Mr. Abel Thomas Denny.



കോട്ടയത്ത് നടക്കുന്ന ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യ സമ്മേളനത്തിൽ പങ്കെടുക്കുവാനെത്തിയ റഷ്യൻ ഓർത്തഡോക്സ് ചർച്ച് പ്രതിനിധി സംഘം പരുമല സെമിനാരി ദേവാലയത്തിൽ സന്ദർശനം നടത്തി. ബിഷപ് ആന്റണി (Chairman of the Department of external relations) ഫാ. സ്റ്റെഫാൻ (Secretary to Ecumenical Relations Dept. of Russian Orthodox Church) ഫാ. അലക്സാണ്ടർ (Member of the Ecumenical Relation Department) എന്നിവർ ഉൾപ്പെട്ട പ്രതിനിധി സംഘമാണ് നിരണം പള്ളിയിൽ സന്ദർശനം നടത്തിയത്. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് സംഘത്തെ സ്വീകരിച്ചു.



Participants from the Malankara Orthodox Church and the Jacobite Syrian Orthodox Church at the Asian Ecumenical Youth Assembly 2023 (Pre-assembly CCA).



കോട്ടയത്ത് നടക്കുന്ന ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യ സമ്മേളനത്തിൽ പങ്കെടുക്കുവാനെത്തിയ റഷ്യൻ ഓർത്തഡോക്സ് ചർച്ച് പ്രതിനിധി സംഘം നിരണം ദേവാലയത്തിൽ സന്ദർശനം നടത്തി.



CCA Asian Women's Assembly 2023 at Kottayam. 25-28 September, 2023.



ഒന്നാം റാങ്ക്

എം.ജി. യൂണിവേഴ്സിറ്റി എം.എസ്.സി. ഫിസിക്സിൽ അഞ്ചു എലിസബേത് യോഹന്നാൻ ഒന്നാം റാങ്ക് കരസ്ഥമാക്കി. മാന്തളിർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്. ചെങ്ങന്നൂർ ഭദ്രാസനത്തിൽ നിന്നുള്ള ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാന കേന്ദ്രസമിതി അംഗമാണ്.



ഒന്നാം റാങ്ക്

കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് (KUHS) M.D മൈക്രോബയോളജിയിൽ ഡോ. സോണി. എസ്. ഒന്നാം റാങ്ക് കരസ്ഥമാക്കി. കൊല്ലം ഭദ്രാസനത്തിലെ, കൊടുവിള സെന്റ് ഏലിയാ ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്. വേലൻചരുവിൽ അരുൺ രാജന്റെ സഹധർമിണിയും കല്ലട സെന്റ് ജോർജ് ഇടവകയിൽ കൃപ ഭവനിൽ കെ. സോമന്റെയും മണിയമ്മയുടെയും മകളുമാണ്.



ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ നടന്ന സാമൂഹിക വിശകലന സെമിനാർ പ്രശസ്ത സാമൂഹിക പ്രവർത്തക ദയാബായി ഉദ്ഘാടനം ചെയ്യുന്നു. വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ്, പ്രിൻസിപ്പാൾ ഫാ. ഡോ. റെജി മാത്യു, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ എന്നിവർ സമീപം.



കോട്ടയം ഭദ്രാസന സൺഡേ സ്കൂൾ പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പരിശുദ്ധ പാമ്പാടി തിരുമേനി അന്നദാന പദ്ധതിക്ക് വേണ്ടി നടത്തിയ കാണിക്ക ശേഖരണം വഴി ഒന്നര ലക്ഷം രൂപ സൺഡേ സ്കൂൾ ഡയറക്ടർ വിനോദ് എം സക്കറിയയും സൺഡേ സ്കൂൾ ഇൻസ്പെക്ടർമാരും ചേർന്ന് ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസിന് കൈമാറി. ഭദ്രാസന മാനേജർ ഫാ. മാത്യു കെ. ജോൺ തുക കൈപ്പറ്റി. സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ഈ നല്ല മാതൃകയെ മെത്രാപ്പോലീത്താ അഭിനന്ദിച്ചു.



മാർ ബസേലിയോസ് എൻജിനീയറിങ് കോളേജിൽ ഫിറ്റ്നസ് സ്റ്റുഡിയോ ആരംഭിച്ചു.കോളേജ് ഡയറക്ടർ പ്രിൻസ് വർഗീസ് ഉദ്ഘാടനം നിർവഹിച്ചു. 10 ലക്ഷം രൂപയോളം ചെലവിട്ടാണ് ഫിറ്റ്നസ് സ്റ്റുഡിയോ നിർമ്മിച്ചിരിക്കുന്നത്. ഏറ്റവും പുതിയ തരത്തിലുള്ള ട്രെഡ്മിൽ, മൾട്ടി മെഷീൻ, ആർമ് മെഷീൻ, ബെഞ്ച് പ്രസ് തുടങ്ങി ഉപകരണങ്ങൾ എല്ലാം അടങ്ങിയ ഫിറ്റ്നസ് സ്റ്റുഡിയോ കോളേജിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഫിറ്റ്നസ് നിലനിർത്തുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ആരംഭിച്ചിരിക്കുന്നത് എന്ന് കോളേജ് ഡയറക്ടർ പ്രിൻസ് വർഗീസ് പറഞ്ഞു.



ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ കേന്ദ്ര മന്ത്രി വി. മുരളീധരനെ സന്ദർശിച്ചു. കേന്ദ്ര മന്ത്രിയുടെ ഔദ്യോഗിക വസതിയിൽ വെച്ചായിരുന്നു സന്ദർശനം.



എം. ജി. ഒ. സി. എസ്. എം. കേന്ദ്ര കലാമേള പ്രസിഡന്റ് ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ ചെങ്ങന്നൂർ ബഥേൽ അരമനയിൽ ഉദ്ഘാടനം ചെയ്തു. ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറി ഫാ. പി. കെ. കോശി അദ്ധ്യക്ഷത വഹിച്ചു. ഹയർസെക്കൻഡറി, കോളേജ് വിഭാഗങ്ങളിലായി 500–ൽ അധികം വിദ്യാർത്ഥികൾ കലാമേളയിൽ പങ്കെടുത്തു.



ഭാരതത്തിന്റെ അഭിമാനമായ ചന്ദ്രയാൻ 3 ദൗത്യം വിജയപ്രദമാക്കുവാൻ നേതൃത്വം നൽകിയ വിക്രം സാരാഭായി സ്പേസ്സെന്ററിന്റെ പ്രവർത്തകനും തോട്ടയ്ക്കാട്സെന്റ് മേരീസ്ബെത്‌ലഹേം ഓർത്തഡോക്സ്പള്ളിഇടവകാംഗവുമായ സയന്റിസ്റ്റ്– എഞ്ചിനീയർ എസ് എഫ്. എബിൻ വർഗീസിനെ ഇടവകദിനത്തിൽ ആദരിച്ചു. അഡ്വ. ചാണ്ടി ഉമ്മൻ എം. എൽ. എ. പൊന്നാട അണിയിച്ചു.

രണ്ടാം റാങ്ക്



കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ നിന്ന് മാസ്റ്റർ ഓഫ് ഫാർമസിയിൽ (ഫാർമക്യൂട്ടിക്സ്) ഷോന സാറാ ഷാജി രണ്ടാം റാങ്ക് കരസ്ഥമാക്കി. മാവേലിക്കര ഭദ്രാസനത്തിലെ പത്തിച്ചിറ സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയപള്ളിയിൽ പാറേത്തു പുത്തൻവീട്ടിൽ ഒ. ഷാജിയുടെയും ജെസി ഷാജിയുടെയും മകളാണ്.



ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ കേന്ദ്ര മന്ത്രി സ്മൃതി ഇറാനിയെ സന്ദർശിച്ചു.



ഓടക്കാലി സെന്റ് മേരീസ് പള്ളിയിൽ പരേതനായ ടി. ജെ. വർഗീസിന്റെ ശവസംസ്കാര ശുശ്രൂഷ കേരള ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം മലങ്കര ഓർത്തഡോക്സ് സഭയുടെ വൈദികരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു.



പരുമലയിൽ ചേർന്ന റിട്ടയർ ചെയ്ത വൈദികരുടെ സമ്മേളനം വൈദികസംഘം പ്രസിഡണ്ട് ഡോ. മാത്യൂസ് മാർ തീമോത്തിയോസ് ഉദ്ഘാടനം ചെയ്യുന്നു.



മുൻ കേന്ദ്ര മന്ത്രി അൽഫോൺസ് കണ്ണന്താനം ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായെ സന്ദർശിച്ചു. ഡൽഹിയിലെ ഹോസ്കോസിലെ സെന്റ് മേരീസ് ഓർത്തഡോക്സ് സിറിയൻ കത്തീഡ്രൽ ഹൗസിലെത്തിയാണ് കണ്ണന്താനം മെത്രാപ്പോലീത്തായെ സന്ദർശിച്ചത്.

ഡോക്ടറേറ്റ് നേടി



ഡൽഹി അമിറ്റി സർവകലാശാലയിൽ നിന്ന് കംപ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗിൽ ജിബി ജി താനിക്കൽ ഡോക്ടറേറ്റ് നേടി. ആർട്ടിഫിഷ്യൽ ഇൻറലിജൻസ് സംവിധാനം ഉപയോഗിച്ച് ഇമേജ് പ്രോസസിങ്ങിലൂടെ ഔഷധ സസ്യങ്ങളെ വേർതിരിച്ചറിയുന്ന രീതിയെക്കുറിച്ചാണ് ഗവേഷണ പഠനം നടത്തിയത്. ന്യൂ ആന്റ് റിന്യൂവബിൾ എനർജി മന്ത്രാലയത്തിൽ എൻ.ഐ.സി പ്രൊജക്ടിൽ സീനിയർ എജിനീയറാണ്. ഡൽഹി മയൂർ വിഹാർ സെന്റ് ജോൺസ് ഇടവകയിൽ സണ്ടേസ്കൂൾ അധ്യാപികയായും പ്രവർത്തിച്ചു വരുന്നു. പഴഞ്ഞി താനിക്കൽ ടി കെ ഗീവർഗീസിന്റെയും ബീനയുടേയും മകളാണ്. കൊട്ടിയൂർ അമ്പായത്തോട് സെന്റ് മേരീസ് ഇടവകാംഗവും ഡൽഹിയിൽ ഭൗമ ശാസ്ത്ര മന്ത്രാലയത്തിലെ ശാസ്ത്രജ്ഞൻ ഡോ. നോബി ഇ. പി. യുടെ സഹധർമ്മിണിയുമാണ്.





പാമ്പാടി മാർ കുറിയാക്കോസ് ദയറായ്ക്ക് പുതിയ അമരക്കാർ

പാമ്പാടി: പാമ്പാടി മാർ കുറിയാക്കോസ് ദയറായുടെ മാനേജരായി പുളിക്കൽ ഫാ. അനൂപ് എബ്രഹാമിനെയും (വടക്കമണ്ണൂർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം) , അഭയഭവൻ ചാരിറ്റബിൾ സൊസൈറ്റിയുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും മാനേജരായി ചൂരനവയലിൽ ഫാ. വിൻസൺ വർഗീസിനെയും (പങ്ങട സെന്റ് മേരിസ് ഓർത്തഡോക്സ് പള്ളി ഇടവക അംഗം) കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് തിരുമേനി നിയമിച്ചു. ഒക്ടോബർ ഒന്നിന് ചുമതല ഏറ്റെടുക്കും.

കഴിഞ്ഞ 15 വർഷമായി ദയറാ മാനേജരായിരുന്ന ഫാ. മാത്യു കെ ജോൺ, 28 വർഷമായി അസിസ്റ്റന്റ് മാനേജരായിരുന്ന ഫാ. സി. എ. വർഗീസ് എന്നിവർ പാമ്പാടി മാർ കുറിയാക്കോസ് ദയറായുടെയും നാടിന്റെയും ആത്മീയവും ഭൗതികവും, സാമൂഹിക വളർച്ചയ്ക്കും വികസനത്തിനും നിസ്തുലമായ സേവനങ്ങളാണ് നൽകിയിട്ടുള്ളതെന്നും ദയറായുടെ നവീകരണം, ബി.എം. എം. സിബി.എസ്.ഇ. ഹയർസെക്കൻഡറി സ്കൂൾ, പാമ്പാടി കെ. ജി. കോളജ്, പാറേട്ട് മാത്യൂസ് മാർ ഇവാനിയോസ് ഐ.ടി.ഐ. എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളർച്ച, പാമ്പാടി താലൂക്ക് ആശുപത്രിയിലെ രോഗികൾക്കുള്ള ഭക്ഷണ വിതരണം, ആതുര സേവന സ്ഥാപനങ്ങളുടെ വളർച്ച, 2018-ലെ പ്രളയത്തിലും, കോവിഡ് സാഹചര്യത്തിലും കൂട്ടിക്കൽ പ്രളയ മേഖലയിലെ ഇരുപതിലധികം ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളിലും ദയറായുടെ നേതൃത്വത്തിൽ നടത്തിയ ഇടപെടലുകൾ അഭിനന്ദാർഹമാണന്നും മാർ ദീയസ്കോറോസ് അനുസ്മരിച്ചു.